# PRAVACHANA PRADEEPIKA

# പ്രവചന പ്രദീപിക

## PROPHETICAL ILLUMINATOR

| Vol. 57 | August - September 2020 | No. 2 |
|---|---|---|


*"..... എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെമുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും" (2 ദിനവൃ.7:14)*


| ലേഖന വിവരം | ലേഖകർ | പുറം |
|---|---|---|
| ❖ പത്രാധിപലേഖനം | Y.S.R | 3 |
| ❖ നിങ്ങളെ വിളിച്ചിരിക്കുന്ന വിളി | T.G.S. | 7 |
| ❖ പങ്കുള്ള പങ്കാളികളും പങ്കില്ലാത്ത പങ്കാളികളും | D.E. | 9 |
| ❖ പ്രാർത്ഥനാ തല്പരന്മാരായ വിശുദ്ധന്മാരുടെ ആവശ്യം | E.M.B. | 13 |
| ❖ മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ | Y.S.R | 15 |
| ❖ യിസ്റാഏൽ വാർത്തകൾ | P.S.Y. | 18 |



ഈ മാസികാ സംബന്ധമായ മണിയോർഡറുകൾ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ *J. Esther Bethel, Pravachana Pradeepika, Aramada P.O., Trivandrum - 695006, Kerala* എന്ന വിലാസത്തിലും മറ്റ് എല്ലാ എഴുത്തുകുത്തുകളും *പബ്ലിഷർ, പ്രവചന പ്രദീപിക, ആറാമട പി.ഒ., തിരുവനന്തപുരം – 32* എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. ഫോൺ : *0471-2357439*

വരിസംഖ്യ (മുൻകൂർ) ഇന്ത്യയിൽ 100 രൂപ
ഇന്ത്യയ്ക്കു വെളിയിൽ അറേബ്യയും
തത്തുല്യരാജ്യങ്ങളും *(Air Mail)* 750 രൂപ.
അമേരിക്കാ, കാനഡാ മുതലായവയ്ക്ക് *(Air Mail)* 750 രൂപ

Chief Editor : **Dr. O.M. Samuel**, B.A., M.Div., ThD.
Publisher : **Y. Sam Raj**, B.A., B.Ed., M.Div.

**EDITORIAL BOARD**

1. K.A. Philip, B.A., B.Ed.
2. Dani Ezekiel, M.A. (Eng), M.th.

## പ്രസാധക കുറിപ്പുകൾ

### കോവിഡ് 19 മഹാമാരി

ഇത് നമ്മുടെ ഇടയിൽനിന്നും ലോകത്തുനിന്നും പൂർണ്ണമായി മാറിപ്പോകുന്നതിന്നുവേണ്ടിയും ദൈവ ജനത്തിന് സ്വൈരമായി സഭയായി കൂടിവന്ന് ആരാധിക്കുന്നതിനും സുവിശേഷ പ്രവർത്തനങ്ങൾ അനുസ്യൂതം തുടരുന്നതിനുംവേണ്ടി പ്രാർത്ഥിക്കണം. ഈ ബാധയിലൂടെ ദൈവം തന്റെ ജനത്തിന്റെ കുറവുകളെയും പോരായ്മകളെയും പാപങ്ങളെയും ദുർമ്മാർഗ്ഗങ്ങളെയും ചൂണ്ടിക്കാണിക്കുകയാണ്.ദൈവജനം അനുതപിച്ചു പ്രാർത്ഥിച്ച് കണ്ണുനീരോടെ ദൈവത്തിങ്കലേയ്ക്ക് തിരിയേണ്ടതാണ്.

നമ്മുടെ ഗവൺമെന്റ് കോവിഡ് പ്രതിരോധിക്കുവാൻ സർവ്വസന്നാഹങ്ങളോടും കൂടെ പൊരുതുകയാണ്. നമ്മുടെ കടമ ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും-സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക, സാനിറ്റൈസറോ സോപ്പോ ഉപയോഗിച്ചു കൈകഴുകുക, നിരത്തുകളിൽ തുപ്പാതിരിക്കുക-ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും പക്ഷവാദം ചെയ്യുകയും വേണ്ടതാണ്.

### ബൈബിൾ വ്യാഖ്യാനമാതൃക

കർത്തൃദാസൻ ശ്രീ. വൈ. എസക്കിയേൽ സാർ രചിച്ച ബൈബിൾ വ്യാഖ്യാനമാതൃക എന്ന ലഘുഗ്രന്ഥം പുന:പ്രസിദ്ധീകരിച്ചു. വേദപുസ്തക പഠനവും നമ്മുടെ ആത്മീയ ശുശ്രൂഷകളും അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ സഹായകമായ ഗ്രന്ഥമാണ് ബൈബിൾ വ്യാഖ്യാന മാതൃക. പ്രസംഗവും ബൈബിൾ ക്ലാസിനുള്ള വിഷയങ്ങളും ഒരുക്കുവാൻ ശുശ്രൂഷകന്മാർക്ക് വളരെ പ്രയോജനകരമാണ്. വില 80 രൂപ. പോസ്റ്റേജ് പുറമെ.

**Bank A/c**

**ESTHER J,**
**Central Bank of India**
**Kunnapuzha Branch, Trivandrum - 695032**
**A/c No. 1820364887, IFSC Code :CBIN 0283099**

ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പ്രതിമാസ പത്രികയാണ് പ്രവചന പ്രദീപിക.

**ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം**

- ദൈവവിശ്വാസം സ്ഥാപിക്കപ്പെടുക
- ബൈബിൾ ദൈവവചനമാണെന്ന് നിറവേറിയ പ്രവചനങ്ങളെക്കൊണ്ടു തെളിയിക്കുക.
- ഭാവി പ്രവചനങ്ങളുടെ വിശദീകരണത്താൽ പ്രത്യാശ ഉളവാക്കുക.

### പുന:പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

വൈ. എസക്കിയേൽ സാർ എഴുതിയ **രക്ഷയുടെ** ഭദ്രത എന്ന പുസ്തകം പുനഃപ്രസിദ്ധീകരിച്ചു. രക്ഷിക്കപ്പെടുന്ന ഓരോ ദൈവപൈതലിന്റെയും രക്ഷ എത്ര ഭദ്രമായിരിക്കുന്നു എന്നു പ്രതിപാദിക്കുന്ന ഒരു ഉത്തമ ഗ്രന്ഥം. വില 100 രൂപ.

പരിശുദ്ധാത്മാവ്: ഈ പുസ്തകവും പുന:പ്രസിദ്ധീകരിച്ചു. എസക്കിയേൽ സാറിന്റെ മാസ്റ്റർ പീസ് പുസ്തകങ്ങളിൽ ഒന്നാണ് ഇത്. 306 പേജുള്ള ഈ പുസ്തകത്തിന് വില 400 രൂപ.

പുനഃപ്രസിദ്ധീകരിക്കാൻ കഴിയാതിരിക്കുന്ന പുസ്തകം സത്യരക്ഷാ പ്രബോധിനി. ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ദൈവമക്കൾ പ്രാർത്ഥിക്കുക. സഹകരിക്കുക. 3 ലക്ഷത്തോളം രൂപ ഇതിനു ചിലവുവരും

### പുതിയപുസ്തകം-ആരാധനാമലരുകൾ

എം. സെൽവരംഗം അവർകൾ തന്റെ 50 വർഷത്തെ വിശ്വാസ ജീവിതത്തിൽ ഉരുത്തിരിഞ്ഞു വന്ന ആരാധനാ ചിന്തകളിൽ സുപ്രധാനങ്ങളായവ മാത്രം ഉല്പത്തി മുതൽ വെളിപ്പാടു പുസ്തകം വരെ ക്രമാനുഗതമായി മൂലഭാഷയുടെ പിൻബലത്തോടെ രചിച്ച 'ആരാധനാമലരുകൾ' എന്ന പുസ്തകം സ്വന്തമാക്കാം. വില 300 രൂപ. ആവശ്യപ്പെടേണ്ട വിലാസം:

Br. M. SELVARANGAM
Grace Bhavan, Gandhi Nagar, Cheroor P.O.,
Thrissur-680008, Mob.No.9446448788

### പ്രാർത്ഥനയ്ക്ക്

മഞ്ചാലുംമൂടിൽ സുവിശേഷകൻ ബാബു പി. ഹെന്റി അവർകൾ രക്തസമ്മർദ്ദം കൂടിയതിനാൽ തലച്ചോറിൽ നേരിയ രക്തസ്രാവം ബാധിച്ച് നാവിന് അല്പം സ്വാധീനക്കുറവ് അനുഭവിക്കുന്നു. തനിക്ക് നട്ടെല്ല് സംബന്ധമായി ദീർഘകാലമായുള്ള അസ്വസ്ഥതകളും ഇതിനോടൊപ്പം ഉണ്ട്. എളിയ അളവിലുള്ള ചികിത്സകൾ ചെയ്യുന്നു. എങ്കിലും സർവ്വശക്തനായ ദൈവത്തിൽ താൻ ശരണപ്പെട്ടിരിക്കുന്നു. ദൈവജനം തന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചാലും.

# പ്രവചന പ്രദീപിക

Founder Editor : Late Sri. Y.Ezekiel, Aramada

വാല്യം 57 August - September 2020 No.2


## പത്രാധിപ ലേഖനം

## പ്രവചനങ്ങൾ ക്രിസ്തുവിന്റെ സാക്ഷ്യ പത്രങ്ങൾ – 2

വേദപുസ്തകം ഒരു പ്രവചന ഗ്രന്ഥം ആണ്. ഇതുപോലെ മറ്റൊരു മതഗ്രന്ഥങ്ങളും ഇല്ല. വേദപുസ്തകത്തിന്റെ ദൈവനിശ്വാസികതയ്ക്കും ആധികാരികതയ്ക്കും അടിസ്ഥാനം അതിലടങ്ങിയിരിക്കുന്ന പ്രവചനങ്ങളും അവയുടെ കൃത്യമായ നിറവേറലുകളും ആണ്. വേദപുസ്തകത്തിലെ 1/3 ഭാഗവും പ്രവചനങ്ങളാണ്. ഇതിൽ നല്ലൊരു പങ്ക് നിവൃത്തിയായി ബാക്കി ഭാഗങ്ങൾ നിവർത്തിയാകയും ചെയ്യും. നിവർത്തിയായ പ്രവചനങ്ങൾ വേദപുസ്തകത്തിന്റെ സത്യസന്ധതയ്ക്ക് തെളിവാണ്. വേദപുസ്തകത്തിൽ 1000 പ്രവചനങ്ങൾ ഉണ്ടെന്നും അതിൽ 500 എണ്ണം വളരെ കൃത്യമായി എല്ലാ അംശങ്ങളിലും നിറവേറി എന്നും പ്രവചന പണ്ഡിതനായ മാർക്ക് ഹിച്ച് കോക്ക് രേഖപ്പെടുത്തിയിരിക്കുന്നു.

യേശുക്രിസ്തുവാണ് വേദപുസ്തകത്തിലെ കേന്ദ്ര വിഷയം യേശുക്രിസ്തുവിന്റെ ജനനത്തെയും ജീവിതത്തെയും പ്രവർത്തനങ്ങളെയും സംബന്ധിക്കുന്ന 110 പഴയനിയമ പ്രചനങ്ങൾ നിറവേറിയതായി ഹിച്ച് കോക്ക് രേഖപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ നിന്നും പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്ന 845 ഉദ്ധരണികളിൽ 333 എണ്ണം യേശുക്രിസ്തുവിനെ സംബന്ധിച്ചാണെന്ന് പ്രവചന പണ്ഡിതനായ ക്ലാറൻസ് ലാർക്കിൻ രേഖപ്പെടുത്തിയിരിക്കുന്നു.

വെളിപ്പാടു പുസ്തകം 19-ൽ "യേശുക്രിസ്തുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവു തന്നെ" (19:10). എന്ന് കാണാം. അതായത് പ്രവചനത്തിന്റെ ആത്മാവ് (സത്ത) എന്നത് യേശുക്രിസ്തു തന്നെ ആണ് അല്ലെങ്കിൽ പ്രവചനങ്ങൾ യേശുക്രിസ്തുവിനെ സാക്ഷിക്കുന്നു എന്നാണ്. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോടുള്ള ബന്ധത്തിൽ പഴയനിയമത്തിൽ പറയപ്പെട്ടിട്ടുള്ള പ്രവചനങ്ങളിൽ (ബി.സി.1000 മുതൽ ബി.സി.500 വരെ പറയപ്പെട്ടിട്ടുള്ള പ്രവചനങ്ങൾ) 25 എണ്ണം 24 മണിക്കൂറിനുള്ളിൽ അക്ഷരാർത്ഥത്തിൽ തന്നെ കൃത്യമായി നിവേറി.

നൂറുക്കണക്കിന് പ്രവചനങ്ങൾ കൃത്യമായി നിറവേറി; ഇനിയും നൂറുക്കണക്കിന് പ്രവചനങ്ങൾ നിറവേറേണ്ടതായിട്ടുണ്ട്. അവയും നിറവേറും. ഈ നിറവേറൽ കാണിക്കുന്നത് വേദപുസ്തകം സത്യമാണെന്നും കാൽവറി ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു സാക്ഷാൽ മശിഹായും ദൈവവും ആണെന്നത്രേ!

പ്രവചനങ്ങൾ യേശുക്രിസ്തു ദൈവമാണെന്നതിന്റെ സാക്ഷ്യപത്രങ്ങളത്രേ (credentials)എന്ന് ഉല്പ.49:10-ലെ പ്രവചന നിവൃത്തിയെ ആസ്പദമാക്കി കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചല്ലോ.

ഈ ലക്കത്തിൽ മറ്റുചില പ്രവചന നിവർത്തികളെകുറിച്ച് ചിന്തിക്കാം:- രണ്ടാം ദൈവാലയത്തിൽ തന്നേ യേശുക്രിസ്തുവരും.

### സകലജാതികളുടേയും മനോഹരവസ്തു

ശലോമോൻ പണിത ദൈവാലയം ബാബേൽ ചക്രവർത്തി ഇടിച്ചു കളഞ്ഞശേഷം പ്രവാസാനന്തരം എസ്രായുടെയും സെരുബ്ബാബേലിന്റെയും നേതൃത്വത്തിൽ പണിത രണ്ടാമത്തെ ദൈവാലയം ശലോമോൻ പണിത ഒന്നാമത്തെ ദൈവാലയത്തെക്കാൾ ചെറുതും

മഹത്വം കുറഞ്ഞതുമായിരുന്നു. ഈ ദൈവാലയത്തെ വലിയ ഹേരോദാവ് രാജാവ് 46 വർഷംകൊണ്ട് പുതുക്കി പണിതു. കർത്താവിന്റെ ജീവിതകാലത്തും ഇതിന്റെ പണി പൂർത്തീകരിച്ചിരുന്നില്ല.

എസ്രായുടെ നേതൃത്വത്തിൽ ആലയത്തിന് അടിസ്ഥാനം ഇട്ടപ്പോൾ ശലോമോന്റെ മഹത്ത്വവും വലിയതുമായ ആലയം കണ്ടിട്ടുള്ളവർ ഉറക്കെ കരഞ്ഞുപോയി (എസ്രാ.3:12). പണിതീരുമ്പോൾ ദൈവസാന്നിധ്യം വിളിച്ചോതുന്ന യഹോവയുടെ പെട്ടകം വയ്ക്കുവാൻ അവർക്കു കഴിയാതെവണ്ണം അത് കൈമോശം വന്നുപോയി. ഈ സ്ഥിതിയിൽ പെട്ട് ദുഃഖിക്കുന്ന യിസ്രായേൽ ജനതയോട് ബി.സി. 6-ാം നൂറ്റാണ്ടിൽ ഹഗ്ഗായി പ്രവചിച്ചു പറഞ്ഞത്; "സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമിയേയും കടലിനെയും കരയെയും ഇളക്കും. ഞാൻ സകല ജാതികളെയും ഇളക്കും: **സകല ജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും. ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കുക എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു**" (ഹഗ്ഗായി.2:6-7).

സകലജാതികളുടെയും മനോഹരവസ്തു എന്താണ്? ആരാണ്? സകലജാതികളുടെയും മനോഹരവസ്തു ('the desire of all nations' - ആഗ്രഹമായ-വാഞ്ചയായ-സ്കോഫീൽഡ് ബൈബിൾ 2:7) സകലജാതികളുടെയും മനോഹരവസ്തു - അതായത് സകലജാതികളുടെയും ആഗ്രഹ വിഷയം ആയ - മശിഹാ ഈ ആലയത്തിൽ വരും എന്നാണ് പ്രവചനസാരം. ഈ രണ്ടാം ദൈവാലയം AD 70-ൽ റോമൻ സൈന്യാധിപൻ തീത്തോസ് കൈസറിന്റെ നേതൃത്വത്തിൽ ഇടിച്ചുകളയപ്പെട്ടു. രണ്ടാം ദൈവാലയം നിലനില്ക്കുമ്പോൾ തന്നെ - അത് ഇടിച്ചു കളയുന്നതിനു മുമ്പു തന്നേ സകല ജാതികളുടെയും ആഗ്രഹവിഷയമായ മനോഹര വസ്തു മശിഹാ തമ്പുരാൻ വരും എന്നാണ് ഹഗ്ഗായി പ്രവചിച്ചത്.

ഈ രണ്ടാം ദൈവാലയത്തോടും മശിഹായോടും ബന്ധപ്പെട്ടിരിക്കുന്ന ചില പ്രവചനങ്ങൾകൂടെ നോക്കാം. യൂദാ ഇസ്ക്കരിയാത്തോവിനെ ഒരു പിശാച് എന്നറിഞ്ഞിട്ടും കർത്താവ് അവനെ തന്റെ ശിഷ്യഗണത്തിൽ പന്ത്രണ്ടിൽ ഒരുവനായി ചേർത്തു. യൂദാ അവസാനം യേശുക്രിസ്തുവിനെ 30 വെള്ളി ക്കാശിന് ഒറ്റുകൊടുത്തു. കർത്താവിനെ മരണ ശിക്ഷയ്ക്ക് വിധിച്ചപ്പോൾ യൂദാ ആ മുപ്പത് വെള്ളിക്കാശ് ദൈവാലയത്തിൽ മഹാപുരോഹിതന്മാരുടെ മുമ്പിൽ എറിഞ്ഞുകളഞ്ഞു. ഈ തുകയും കൂടെ ചേർത്ത് പരദേശികളെ കുഴിച്ചിടാൻ കുശവന്റെ നിലം വാങ്ങി (മത്താ. 27:3-10; സെഖ. 11:12). ഒരു അടിമയുടെ വിലയാണ് 30 വെള്ളിക്കാശ് (പുറ. 21:32). സകലജാതികളുടെയും മനോഹരവസ്തുവിന് (മശിഹാക്ക്) യഹൂദ മഹാപുരോഹിതന്മാർ മതിച്ച മനോഹരമായൊരു വില (സെഖ. 11:12) ഒരു അടിമയുടെ വിലയാണ് 30 വെള്ളിക്കാശ്. ഈ വെള്ളിക്കാശ് യൂദാ എറിഞ്ഞുകളഞ്ഞത് എസ്രാ പണിത രണ്ടാമത്തെ ദൈവാലയത്തിലും! ഇതേ ദൈവാലയത്തിൽ തന്നെയാണ് മശിഹാ വന്നത്. അങ്ങനെ ഈ ദൈവാലയത്തിൽ മശിഹാ വന്നതുകൊണ്ട് ഇത് ശലോമോന്റെ ദൈവാലയത്തെക്കാൾ മഹത്വപൂർണ്ണമായി. പ്രവചനങ്ങൾ എന്ത് കൃത്യതയോടെ നിറവേറി എന്ന് നോക്കുക.

മലാഖി 3:1 കൂടെ നോക്കുക: "എനിക്കുമുമ്പായി വഴി നിരത്തേണ്ടതിന്ന് ഞാൻ എന്റെ ദൂതനെ അയക്കുന്നു". ഈ ഒന്നാംഭാഗം യേശുക്രിസ്തുവിന്റെ മുന്നോടിയായിവന്ന യോഹന്നാൻ സ്നാപകനെ കുറിക്കുന്നു. ഈ വാക്യത്തിന്റെ രണ്ടാംഭാഗം "നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന (desire) നിയമദൂതനുമായവൻ പെട്ടന്നു തന്റെ മന്ദിരത്തിലേയ്ക്ക് വരും; ഇതാ, അവൻ വരുന്നു എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു". ഈ വാക്യത്തിന്റെ ഒന്നാംഭാഗത്ത് 'എന്റെ ദൂതൻ' എന്നത് യോഹന്നാൻ സ്നാപകനെ കുറിക്കുന്നു; 'എന്റെ നിയമദൂതൻ' എന്നത് മശിഹായെ കുറിക്കുന്നു. മശിഹായുടെ മുന്നോടിയായി അവന് വഴിനിരത്തുന്നവനായി യോഹന്നാൻ സ്നാപകൻ വന്നു എന്നത് പ്രസിദ്ധമാണല്ലോ.

മാത്രവുമല്ല തന്റെ മന്ദിരത്തിലേയ്ക്ക് വരും എന്ന ഭാഗവും ശ്രദ്ധിക്കുക. യേശുക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് രണ്ടുപ്രാവശ്യം ദൈവാലയത്തെ ശുദ്ധീകരിക്കുന്നു. അപ്പോൾ താൻ ദൈവാലയത്തെ കുറിച്ച് പറഞ്ഞ് 'എന്റെ പിതാവിന്റെ ആലയം' (യോഹ. 2:17) എന്നും, 'എന്റെ ആലയം' എന്നും (മർക്കോ. 11:17) ആണ്.

മറിയയുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ യേശുകുഞ്ഞിനെ ദൈവത്തിനു അർപ്പിക്കുവാനായി

ദൈവാലയത്തിൽ കൊണ്ടുവന്നപ്പോൾ വയോവൃദ്ധനായ ശിമ്യോൻ യേശുവിനെ കുറിച്ച് പറഞ്ഞത് 'ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും യിസ്രായേലിന്റെ മഹത്വവും സകലജാതികൾക്കും വേണ്ടി ദൈവം ഒരുക്കിയ രക്ഷയും' എന്നിങ്ങനെയാണ് (ലൂക്കോ. 2:26-31). യേശുവിന്റെ 12-ാം വയസ്സിൽ ദൈവാലയത്തിൽ വന്ന യേശു തന്റെ മാതാവിനോട് പറഞ്ഞത് ശ്രദ്ധേയമാണ്. "എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ" എന്നാണ് (ലൂക്കോ. 2:49). ഇങ്ങനെ എസ്രാ ചെറിയ നിലയിൽ പണിത ദൈവാലയത്തിന്റെ മഹത്വം 'പിന്നെത്തേതിൽ മുമ്പിലത്തെതിലും വലുതായിരിക്കും' (ഹഗ്ഗാ. 2:9) എന്നത് അക്ഷരംപ്രതി നിറവേറി.

എസ്രാ പണിത ചെറിയ ദൈവാലയത്തെ മഹാനായ ഹേരോദാവ് രാജാവ് യഹൂദന്മാരുടെ പ്രീതിക്കായി പുതുക്കി പണിതു. കർത്താവിന്റെ കാലത്തു മാത്രമാണ് 46 വർഷത്തെ ആ ദീർഘമായ പുതുക്കി പ്പണി അവസാനിച്ചത്. ഈ ദൈവാലയത്തെക്കുറിച്ച് ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നത് "ഹേരോദാവിന്റെ ദൈവാലയം കാണാത്തവർ സൗന്ദര്യം എന്തെന്ന് അറിഞ്ഞിട്ടില്ല" എന്നാണ്. അത്ര മനോഹരവും സൗന്ദര്യപൂർണ്ണവുമായിരുന്നു എസ്രായുടെ ചെറിയ ദൈവാലയം അതിന്റെ അന്തിമ ഘട്ടത്തിൽ.

ഈ ദൈവാലയത്തിലേയ്ക്കാണ് യേശുക്രിസ്തു തന്റെ ക്രൂശു മരണത്തിന് ഒരാഴ്ച മുൻപ് കഴുതപ്പുറത്ത് കയറി രാജാവായി എഴുന്നെള്ളി പ്രവേശിച്ചത്. "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യരുശലേം പുത്രിയേ ആർപ്പിടുക; ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺ കഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു" (സെഖ. 9:9) എന്ന് സെഖര്യാവ് പ്രവചിച്ചിരിക്കുന്നു. സെഖര്യാവും ഹഗ്ഗായിയും മലാഖിയും ഏതാണ്ട് സമകാലീന പ്രവാചകന്മാരും ബി. സി. 6-ഉം 5-ഉം നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരുമാണ്. എസ്രാ പണിത ചെറിയ ദൈവാലയം അതിന്റെ ആദ്യാവസ്ഥയിൽ കണ്ട പ്രവാചകന്മാരാണിവർ. ഈ ദൈവാലയത്തിന്റെ അവസാന ഘട്ടത്തിലാണ് യേശുക്രിസ്തു രാജാവായി ദൈവാലയത്തിലേയ്ക്ക് എഴുന്നള്ളുന്നത്. സെഖ. 9:9-ന്റെ നിവൃത്തി മത്തായി 21:1-11 വരെ വാക്യങ്ങളിൽ കാണാം.

കർത്താവ് കഴുതക്കുട്ടിയുടെ മേൽ ഇരുന്ന് യരുശലേം ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ അവിടെ കൂടിവന്ന ജനങ്ങളും കുട്ടികളും കർത്താവിന്ന് ഹോശന്നാപാടി അവനെ മഹത്വപ്പെടുത്തി അംഗീകരിക്കുന്ന ഭാഗം വലിയഹല്ലേൽ എന്നറിയപ്പെടുന്ന 6 സങ്കീർത്തനങ്ങളിൽ ഒന്നായ 118-ാം സങ്കീർത്തനത്തിൽ പ്രവചിച്ചിരിക്കുന്നതു ശ്രദ്ധിക്കുക: "യഹോവേ ഞങ്ങളെ രക്ഷിക്കേണമേ, യഹോവേ ഞങ്ങൾക്കു വിടുതൽ നല്കേണമേ, യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; ഞങ്ങൾ യഹോവയുടെ ആലയത്തിൽ നിന്ന് നിങ്ങളെ (You-അങ്ങയെ) അനുഗ്രഹിക്കുന്നു" (സങ്കീ. 118:25-26).

ഈ പ്രവചന ഭാഗങ്ങളുടെ നിവൃത്തി പുതിയ നിയമത്തിൽ നാല് സുവിശേഷങ്ങളിൽ വിസ്തരിച്ച് എഴുതിയിരിക്കുന്നത് നോക്കുക (മത്താ. 21:1-16; മാർക്ക്. 11:1-11; ലൂക്കോ. 19:29-40; യോഹന്നാൻ 12:12-16). മത്തായി 21-ൽ നിന്ന് ഉദ്ധരിക്കട്ടെ. "മുന്നും പിന്നും നടന്ന പുരുഷാരം ദാവീദ് പുത്രന്ന് ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ അത്യുന്നതങ്ങളിൽ ഹോശന്നാ എന്ന് ആർത്തുകൊണ്ടിരുന്നു (21:9). കൂടിവന്നവർ യേശുക്രിസ്തു വാഴ്ത്തപ്പെട്ടവൻ എന്ന് ആർക്കുകമാത്രമല്ല കുട്ടികളടക്കം യേശുവിനെ അനുഗ്രഹിക്കയും ചെയ്തു". ഞങ്ങൾ യഹോവയുടെ ആലയത്തിൽ നിന്ന് നിങ്ങളെ യഹോവയുടെ നാമത്തിൽ (You=അങ്ങയെ) അനുഗ്രഹിക്കുന്നു (blessed)എന്ന് പറഞ്ഞ് മഹത്വപ്പെടുത്തി (സങ്കീ.118:26)(We bless you from the house of the Lord - Amplified Bible). അവർ യേശുവിനെ വാഴ്ത്തിപുകഴ്ത്തി വരവേറ്റു എന്നു മാത്രമല്ല; യേശുവിനെ അനുഗ്രഹിക്കുകയും ചെയ്തു. കൂടിനിന്ന ജനങ്ങളും കുട്ടികളും യേശുവിനെ പുകഴ്ത്തിയപ്പോൾ മറ്റുസുവിശേഷകന്മാർ രേഖപ്പെടുത്താത്ത ഒരുകാര്യംകൂടെ മാർക്കോസ് രേഖപ്പെടുത്തുന്നു: "നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്തപ്പെടുമാറാകട്ടെ, അത്യുന്നതങ്ങളിൽ ഹോശന്നാ എന്ന് ആർത്തുകൊണ്ടിരുന്നു" (മർക്കോ. 11:10). ഈ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന 'ഹോശന്നാ' എന്ന വാക്കിന് അർത്ഥം "ഇപ്പോൾ രക്ഷിക്ക" എന്നാണ്. ഞങ്ങൾക്ക് ഇനി ഒട്ടും കാത്തിരിക്കുവാൻ വയ്യ; മശിഹായേ, അങ്ങ് ദാവീദിന്റെ രാജ്യം സ്ഥാപിക്കുകയും (സഹസ്രാബ്ദ വാഴ്ച) ഞങ്ങളെ

ഇപ്പോൾ തന്നെ രക്ഷിക്കയും ചെയ്യേണമേ എന്നാണ് അവർ പറഞ്ഞത്. ദാവീദിന്റെ രാജ്യം സ്ഥാപിച്ച് ഭരിക്കുവാൻ വരുന്ന മശിഹാ അവരെ (യഹൂദനെ) രക്ഷിക്കും എന്ന യിസ്രായേലിന്റെ വിശ്വാസവും പ്രത്യാശയുമാണ് ഈ വരവേറ്റ ജനം വെളിപ്പെടുത്തിയത്. അതിന് ഇനി താമസിക്കരുതേ. അത്യുന്നതന്റെ നാമത്തിൽ വരുന്ന നീ ഞങ്ങളെ ഇപ്പോൾ തന്നെ രക്ഷിക്കണമേ എന്നാണ് ജനം ആർത്തുവിളിച്ചത്.

യേശു ദൈവാലയത്തിൽ കയറിചെന്നപ്പോൾ കുരുടന്മാരും മുടന്തന്മാരും ആർത്തുഘോഷിക്കുന്ന ബാലന്മാരോടൊപ്പം ദൈവാലയത്തിൽ കയറിചെന്നു (മത്താ. 21:14-16). ദൈവാലയത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന കുരുടന്മാർക്കും മുടന്തന്മാർക്കും കർത്താവ് സൗഖ്യം നൽകി. കർത്താവിന്ന് ഹോശന്നാ പാടിയ ബാലന്മാരെ വിലക്കുവാൻ ആവശ്യപ്പെട്ട പരീശന്മാരോട് കർത്താവ് ചോദിച്ചു "ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ നിന്ന് നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളത് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ" സങ്കീ.8:2; മത്താ.21:16). ഇങ്ങനെ ഒട്ടനവധി പ്രവചന ഭാഗങ്ങൾ കർത്താവിന്റെ ദൈവാലയ പ്രവേശനത്തോടുള്ള ബന്ധത്തിൽ നിറവേറി.

എന്നാൽ ദൈവത്തിന്റെ വരദാനമായ മശിഹായെ അവൻ തന്റെ ആലയത്തിലേക്ക് പഴയനിയമ പ്രവചനങ്ങളുടെ നിവൃത്തിയായി കഴുതപ്പുറത്ത് എഴുന്നള്ളി വന്നപ്പോൾ യഹൂദ ജാതിയുടെ പ്രമാണികൾ അവനെ തള്ളിക്കളഞ്ഞു. യേശുക്രിസ്തു തന്റെ പ്രവർത്തനങ്ങളാൽ - നാനാ വ്യാധികളും ദുരാത്മാക്കളും പിടിച്ച പലരെയും സൗഖ്യമാക്കുകയും പല കുരുടന്മാർക്ക് കാഴ്ച നല്കുകയും ചെയ്തിട്ടും - കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ - തന്റെ മശിഹാത്വം തെളിയിച്ചിട്ടും-യേശുവിനോടു കൂടെ ദൈവാലയത്തിൽ വന്ന കുരുടന്മാർക്കും മുടന്തന്മാർക്കും സൗഖ്യം നൽകിയിട്ടും അവർ യേശുവിന്റെ മശിഹാത്വം തിരിച്ചറിയാതെ അവനെ തിരസ്ക്കരിച്ചു (യെശ.35:5-6; ലൂക്കോ. 7:18-22; മത്താ.21:14). "യേശു നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെകണ്ടു, അതിനെക്കുറിച്ചു കരഞ്ഞു ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളാമായിരുന്നു; ഇപ്പോഴോ അതു നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശന കാലം നീ അറിയാഞ്ഞതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി, നിന്നെ വളഞ്ഞു നാലു പുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ടു. നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും" (ലൂക്കോ. 19:41-44) എന്ന് വെളിപ്പെടുത്തിയിട്ടും യഹൂദജാതി മാനസ്സാന്തരപ്പെട്ടില്ല. തന്നെ ഉപേക്ഷിച്ചു കളഞ്ഞ യഹൂദജാതിയെയും ദൈവാലയത്തെയും ക്രിസ്തു വിട്ടുപോയി (മത്താ. 24:1).

പ്രിയപ്പെട്ടവരേ, ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ ഉപേക്ഷിക്കുന്നത് എത്ര ഭയങ്കരം. യേശുക്രിസ്തുവും മറ്റു പ്രവാചകന്മാരും പ്രവചിച്ചിരുന്നതുപോലെ യരുശലേമും ദൈവാലയവും AD 70-ൽ തീത്തോസ് കൈസറിനാൽ തകർക്കപ്പെട്ടു; ദൈവാലയവും തീയ്ക്കിരയായി, യഹൂദജാതി ലോകമെങ്ങും ചിതറിക്കപ്പെട്ടു. ഇന്നും അവർക്ക് വിധിപ്രകാരം ആരാധനയും ദൈവാലയവും ഇല്ലാതിരിക്കുന്നു. ഭയപ്പെടുക, മാനസാന്തരപ്പെട്ട് യേശുവിനെ രക്ഷിതാവും കർത്താവും ആയി അംഗീകരിച്ച് നിത്യനാശം ഒഴിവാക്കുക.

രണ്ടാം ദൈവാലയം നിലനില്ക്കുമ്പോൾതന്നെ യേശുക്രിസ്തു-സകലജാതികളുടെയും മനോഹര വസ്തു-ആ ദൈവാലയത്തിലേക്ക് വരും എന്ന പ്രവചനം എത്ര കൃത്യമായി നിറവേറി എന്ന് നോക്കുക. യേശുക്രിസ്തു ദൈവാലയത്തിൽവന്നു, അതിനെ രണ്ടുതവണ ശുദ്ധീകരിച്ചു, അതിന്റെ പരിസരങ്ങളിൽ ജനത്തെ ഉപദേശിക്കുകയും അവരിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുകയും ആ ദൈവാലയത്തിൽ രാജാവായി എഴുന്നള്ളുകയും ചെയ്തു. എന്നാൽ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതിനുശേഷം ഏതാണ്ട് 40 വർഷം കഴിഞ്ഞപ്പോൾ അതിദാരുണമായി ആ ദൈവാലയം തീവച്ച് നശിപ്പിക്കപ്പെട്ടു.

"....ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീയ്ക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തെ കാത്തിരിക്കുന്നു എന്നും അവൻ മനസ്സോടെ മറന്നു കളയുന്നു" (2 പത്രോ. 3:7)

**Y.S.R.**

# "നിങ്ങളെ വിളിച്ചിരിക്കുന്ന വിളി"

റ്റി. ജി. ശമുവേൽ

ഒരു പട്ടണത്തിൽ സായാഹ്നം ഒന്നു നടന്നു നോക്കിയാൽ വിവിധ സ്ഥലങ്ങളിൽ പല എണ്ണത്തിലുള്ള ജനസമൂഹങ്ങളെ കാണ്മാൻ കഴിയും. ഇവരുടെ കൂട്ടത്തിന്റെ ഉദ്ദേശം വിവിധങ്ങളായിരിക്കും. അനേകരും ആരും വിളിച്ചുകൂട്ടാതെ താനേ വന്നുകൂടിയവരും ചിലർ പ്രത്യേക ക്ഷണാനുസരണം കൂടിയവരും ആയിരിക്കാം. എന്നാൽ ഈ വകുപ്പിൽ പെട്ടവരുടെ കൂട്ടത്തിന്റെ ഉദ്ദേശം ഏറിയ പങ്കും അപ്രധാനവും, ശേഷിച്ചതു താല്ക്കാലികവും ആയിരിക്കും എന്നു കാണാം.

എന്നാൽ ദൈവം വിളിച്ചു കൂട്ടിയിരിക്കുന്ന ഒരു ജനതാസമൂഹം ഇന്നു ഭൂമിയിലുണ്ട്. അവർ സമൂഹമായി ഒരു സ്ഥലത്തു തന്നെ തല്ക്കാലം കാണപ്പെടുന്നില്ല. അവരെ കൂട്ടിച്ചേർക്കുവാനുള്ള സമയം വരുന്നതെയുള്ളു. എന്നാൽ അവർ വിളിക്കപ്പെട്ട ആ പ്രത്യേക സംഘത്തിന്റെ അംഗങ്ങൾ തന്നെയാണ്. ഈ കൃപായുഗത്തിന്റെ കഴിഞ്ഞ അനേക നൂറ്റാണ്ടുകളിലും ലോകമെങ്ങും ഇതുപോലെയുള്ള സമൂഹങ്ങൾ ഉണ്ടായിരുന്നു. അവരുടെ ചുറ്റുപാടുകളും, അനുഭവങ്ങളും വിവിധങ്ങളായിരുന്നു. എങ്കിലും ദൈവം തന്റെ വിളിക്കപ്പെട്ടവരെ, തന്റെ സഭയെ ആർക്കും എണ്ണിക്കൂടാത്ത ആ മഹാസമൂഹത്തെ കൂട്ടിച്ചേർക്കും നാളിൽ ഇവരെല്ലാം തന്റെ അടുക്കൽ ചേർക്കപ്പെടും. യഹോവ വംശങ്ങളെ എഴുതുമ്പോൾ ഇവൻ അവിടെ ജനിച്ചു എന്നു അവരെ എല്ലാം എണ്ണും. അവരെല്ലാം വിളിക്കപ്പെട്ടവർ തന്നെ.

'സഭ' എന്ന വാക്കിന് (Ecclesia) വിളിച്ചു പുറപ്പെടുവിക്കപ്പെട്ടവർ എന്നാണർത്ഥം. ദൈവത്താൽ വിളിക്കപ്പെട്ടവരും, വിളിക്ക് വിധേയപ്പെട്ടവരുമാണ് ദൈവത്തിന്റെ സഭ. തന്റെ ജനം, തന്റെ മക്കൾ. "നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ" (2 പത്രൊ. 1:10) എന്ന് പത്രൊസ് അപ്പോസ്തലൻ തന്റെ ലേഖനത്തിൽ ഉൽബോധിപ്പിക്കുന്നു.

ദൈവത്താൽ വിളിക്കപ്പെട്ടവരൊ എന്നുള്ള കാര്യം നിശ്ചയമാക്കേണ്ട ചുമതല ഓരോ വ്യക്തിക്കും ഉണ്ട്. വിളിക്കപ്പെട്ടവർ ദൈവത്തിങ്കലേക്കു വരുന്നു; ക്രിസ്തുവിൽ വിശ്വസിക്കുന്നു; തന്റെ വചനം അനുസരിച്ചു ജീവിക്കുന്നു. ഇങ്ങനെയുള്ളവർക്ക് തങ്ങളുടെ വിളിയെക്കുറിച്ചു ലേശംപോലും സംശയിക്കേണ്ടതില്ല.

I. ഈ വിളിക്കെന്താണിത്ര പ്രത്യേകത? ഏതൊന്നാണ് ഈ വിളിക്കപ്പെട്ടവരെ വിശേഷിപ്പിക്കുന്നത്? വളരെക്കാര്യങ്ങൾ തന്നെ ഉണ്ട്. അവയിൽ ചിലതു ഇവിടെ പ്രസ്താവിക്കാം.

ഒന്നാമത് ദൈവത്തിന്റെ വിളി സ്വർഗ്ഗീയമാണ് (എബ്രാ.3:1) ആ വിളി സ്വർഗ്ഗത്തിൽ നിന്നുണ്ടാകുന്നതും, അതിന്റെ ഉദ്ദേശം, നിവൃത്തി, എല്ലാം സ്വർഗ്ഗീയവും, ദൈവികവും, നിത്യവുമാണ്. വിളി കേൾക്കുന്നവൻ പോകുന്നത് വിളിച്ച ആളിന്റെ അടുക്കലേക്കാണല്ലോ. സ്വർഗ്ഗീയവിളി കേട്ടവർ, സ്വർഗ്ഗോന്മുഖരായി യാത്ര ചെയ്യേണ്ടവരാണ്. അവരുടെ ലക്ഷ്യം തുടർച്ചയായി, തങ്ങൾ സ്വീകരിച്ചു പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശു മാത്രം ആയിരിക്കേണ്ടതുമാണ്.

2. ദൈവത്തിന്റെ മഹത്വത്താലും വീര്യത്താലു നമ്മെ വിളിച്ചിരിക്കുന്നു. (2 പത്രൊ. 1:3) വീര്യമുള്ള ക്രിസ്ത്യാനികളായി തന്റെ ജനം ജീവിക്കുന്നതു കാണ്മാൻ ദൈവം നോക്കിക്കൊണ്ടിരിക്കുന്നു. പലപ്പോഴും പക്ഷെ നമ്മുടെ അനുഭവം ഈ ലക്ഷ്യത്തിൽ നിന്നു വളരെ വിദൂരമായിരിക്കുന്നുവെന്നുള്ളത് വ്യസനകരമായ യഥാർത്ഥമാണ്. ജീവിതത്തിൽ ദൈവമഹത്വം കാണ്മാനില്ല. ചിലർ വിശ്വാസികളോ, അവിശ്വാസികളോ എന്ന് തീരുമാനിക്കാൻ തന്നെ പ്രയാസം. "ഈ അനുഭവത്തിലേക്കല്ല, പിന്നെയൊ ദൈവത്ത നായി വീര്യം പ്രവർത്തിക്കുമാറു തന്റെ ശക്തിക്കൊ ത്തവണ്ണം നമുക്കാവശ്യമായ സകലവും നല്കാനായ ദൈവം നമ്മെ വിളിച്ചു. "അതുനിമിത്തം...... നിങ്ങളുടെ വിശ്വാസത്തോടു വീര്യവും, വീര്യത്തോടു പരിജ്ഞാ നവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയ ജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും, സഹോദരപ്രീതി യോടു സ്നേഹവും കൂട്ടിക്കൊൾവിൻ".

3. കൂട്ടായ്മയിലേക്കു വിളിച്ചിരിക്കുന്നു. (1 കൊരി 1:9) ലക്ഷ്യമില്ലാത്ത ഒരു വിളിയല്ല ദൈവമക്കൾക്ക ള്ളത്. അവരെ ദൈവത്തിന്റെ ഏകജാതനാ ക്രിസ്തുവിനോടുള്ള കൂട്ടായ്മയിലേക്കു വിളിച്ചിരിക യാണ്. പിതാവു അതിനായി അനേകരെ വിളിച്ച ചേർത്തു, ക്രിസ്തുവിനു അവരെ കൊടുത്തു. എങ്ങ നെയുള്ളവരെ? നമ്മുടെ സ്വന്ത അനുഭവങ്ങൾ ചോദ്യത്തിന് മറുപടി നല്കും. ഇതെന്തൊരത്ഭുതം. ന ഇതു ശരിയായി ഒന്നു ചിന്തിച്ചാൽ നമ്മുടെ വി യേയും വിളിച്ചവന്റെ ശ്രേഷ്ഠതയേയുംകുറിച്ചു അ യുന്തോറും നമ്മെ വിളിച്ചവന്റെ വിളിക്കനുസരി ജീവിപ്പാൻ നമ്മാൽ ആവോളം പരിശ്രമിക്കതെ ചെയ്യുമെന്നു കരുതുന്നു.

4. വിളിയുടെ പ്രത്യേകത. (1 കൊരി. 1:26). വി ക്കപ്പെട്ടവരിൽ മുഖ്യപങ്കും സാധാരണക്കാരായ മ ഷ്യർ. ലോകപ്രകാരം ഉന്നത സ്ഥാനങ്ങളിലേക്ക് നി മിക്കപ്പെടുന്നവർ; ജ്ഞാനികൾ, ബലവാന്മാർ, കു

ന്മാർ ഇങ്ങനെയുള്ളവരാണ്. ദൈവമോ തനിക്കു ശ്രേഷ്ഠന്മാരായി ശോഭിക്കേണ്ടവരെ ഈ കൂട്ടത്തിൽ നിന്നല്ല ഭൂരിപക്ഷവും തിരഞ്ഞെടുക്കുന്നത്. ദൈവത്തിന്റെ വിചാരങ്ങൾക്കും മനുഷ്യന്റേതിന്നും തമ്മിൽ എന്തുവലിയ അന്തരമാണുള്ളത്.

II. എന്തിനാണ് വിളിച്ചിരിക്കുന്നത്? (a) സമാധാനത്തിൽ ജീവിപ്പാൻ (1 കൊരി. 7:15) കുടുംബജീവിതത്തോടുള്ള ബന്ധത്തിലാണ് ഈ വചനം നാം കാണുന്നത്. ഒരു ക്രിസ്തീയ സഭയുടെയൊ സമുദായത്തിന്റെയൊ നട്ടെല്ലായിരിക്കുന്നതു ക്രിസ്തീയ കുടുംബങ്ങളാണ്. കർത്താവിനെ ഉണ്മയായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ ഈ രാജ്യത്തിനു എത്രവലിയ സാക്ഷ്യവും അനുഗ്രഹവുമായിത്തീരുവാൻ കഴിയും. എന്നാൽ ഇന്ന് പൊതുവെ നോക്കുമ്പോൾ കുടുംബങ്ങളിൽ അസമാധാനം, അതൃപ്തി, അന്യോന്യവിരുദ്ധം ഇവയാണ് കാണപ്പെടുന്നത്. കാരണം പാപം അതിന്റെ വിവിധ വേഷത്തിൽ ക്രിസ്തീയ കുടുംബങ്ങളിൽ കടന്നുകൂടി അവരുടെ ഭാഗ്യാവസ്ഥയെ കലക്കിക്കളഞ്ഞതിനാലാണ്. അതിനുള്ള ഏക പരിഹാരം കർത്താവിനു വ്യക്തികളിലും കുടുംബങ്ങളിലും കൊടുക്കേണ്ട പ്രഥമ സ്ഥാനം കൊടുക്കയെന്നുള്ളതുതന്നെ.

(b) മഹത്വം പ്രാപിപ്പാൻ. 'കർത്താവായ യേശുവിന്റെ മഹത്വം പ്രാപിപ്പാനല്ലൊ..... നിങ്ങളെ രക്ഷക്കു വിളിച്ചത് '. (2 തെസ്സ. 2:24) മരിച്ചശേഷം ദൈവജനം മഹത്വത്തിലേക്ക് പ്രവേശിക്കുന്നു. അതല്ല അപ്പൊസ്തലൻ ഇവിടെ പ്രതിപാദിക്കുന്നത്. നമ്മുടെ താല്ക്കാലിക ജീവിതാനുഭവങ്ങളിൽ ക്രിസ്തുവിന്റെ മഹത്വം പ്രാപിക്കയും, പ്രതിബിംബിക്കയും ചെയ്യുന്നതിന് അനുപേക്ഷണീയമായിട്ടുള്ളത് നമുക്ക് ഉപദേശിച്ചു തന്നിട്ടുള്ള പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊള്ളണം എന്നുള്ള കാര്യമാണ്. മുറുകെ പിടിക്കാത്ത യാതൊരുത്തനും മഹത്വകരമായ ക്രിസ്തീയജീവിതം നയിപ്പാൻ സാദ്ധ്യമല്ലെന്നുള്ള കാര്യം നാം ഒരിക്കലും വിസ്മരിച്ചുകൂടാ.

(c) വിളിക്കപ്പെട്ടവരുടെ ഉത്തരവാദം. ദൈവം വിളിച്ചവരെ സംബന്ധിച്ചു തനിക്കു പല ഉദ്ദേശങ്ങളുണ്ട്. അവ നിവർത്തിക്കയെന്നത് വിളിക്കപ്പെട്ടവരുടെ കർത്തവ്യമാണ്.

III. ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രെ വിളിച്ചത്. (1 തെസ്സ.4:7).

(a) ദൈവം വിശുദ്ധനാകയാൽ തന്നെ വന്ദിക്കുന്നവർ വിശുദ്ധരായിരിക്കണം. ദൈവം നമ്മുടെ പിതാവാകയാൽ തന്റെ മക്കൾ തന്റെ ദിവ്യസ്വഭാവമുള്ളവരായി ത്തന്നെയിരിക്കണം. ദൈവത്തിനു യോഗ്യമാംവണ്ണം നടക്കണം (1 തെസ്സ. 2:11) "നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. (1 പത്രൊ. 1:15).

(b) വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുക. (1 പത്രൊ. 2:9) ഒന്നാമത് ദൈവജനത്തിന്റെ വ്യക്തിപരമായ അനുഭവം ദൈവത്തിന് യോഗ്യമായതു ആയിത്തീരണം. അതിനെ തുടർന്ന് തന്റെ സൽഗുണങ്ങളെ ഘോഷിക്കണം. നമ്മുടെ അധരങ്ങളാൽ ഘോഷിക്കുന്നതിൽ അധികമായി നമ്മുടെ ജീവിതവും പ്രവൃത്തിയും ഷോഘിക്കണം.

(c) കഷ്ടം സഹിപ്പാൻ വിളിച്ചിരിക്കുന്നു. (1 പത്രൊ. 2:20) ഈ വിളി ചിലരെ സംബന്ധിച്ചു മാത്രമുള്ളതാണൊ? എല്ലാവർക്കും തുല്യ അളവിൽ കഷ്ടങ്ങൾ ഉണ്ടാകുന്നില്ല. നമ്മുടെ ബുദ്ധികേടിനാൽ അനാവശ്യമായി കഷ്ടം വരുത്തിവെക്കാനും പാടില്ല. എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്ക് വിവിധ കഷ്ടങ്ങൾ നേരിടും. എന്തുനേരിട്ടാലും സഹിപ്പാനായിട്ടാണ് വിളി. മഹത്വം അനുഭവിക്കാനുള്ളതുപോലെ തന്നെയാണു ഈ വിളിയും. കർത്താവിനായി കഷ്ടം സഹിപ്പാൻ സാധിക്കുന്ന സമയം ചുരുങ്ങിയ ഒരു കാലയളവുമാത്രം. മഹത്വം അനുഭവിക്കുന്നതോ നിത്യകാലം.

(d) അനുഗ്രഹം അനുഭവിക്കേണ്ടതിന് വിളിക്കപ്പെട്ടിരിക്കുന്നു (1 പത്രൊ.3:9). ഇതു വളരെ സന്തോഷകരമായ കാര്യം. അനുഗ്രഹം അനുഭവിക്കുക. അതിനുള്ള മാർഗ്ഗം അനുഗ്രഹിക്കുന്നവരായിരിക്കുക എന്നതാണ്. വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ അവനെ അനുഗ്രഹിക്കുകയും സകല ജാതികൾക്കും അനുഗ്രഹമാക്കുകയും ചെയ്യും എന്നരുളിച്ചെയ്തു. അനുഗ്രഹം നാം അനുഭവിച്ചു സംതൃപ്തരായിരുന്ന് മറ്റുള്ളവരോട് "പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്വിൻ" എന്നു പറവാനല്ല, നാം അനുഗ്രഹമായിരിപ്പാനാണ് വിളി. ഈ വിളി നമ്മിൽ എത്രമാത്രം സഫലമായിട്ടുണ്ടെന്ന് ചിന്തിക്കുക.

വിളിക്കപ്പെട്ടവർ സൂക്ഷിക്കപ്പെടുന്നവരാണ് (യൂദാ.1). ദൈവത്താൽ സ്നേഹിക്കപ്പെട്ടും, യേശുക്രിസ്തുവിന്നായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്ന പ്രത്യേകജനം.! ഹാ! നമ്മുടെവിളിയും തിരഞ്ഞെടുപ്പും എത്ര വിശിഷ്ടം; എത്ര ഉന്നതം; എത്ര ഭാഗ്യം നിറഞ്ഞത്. നമ്മാൽ ആവോളം ഈ വിളിയുടെ ഉദ്ദേശം നമ്മിൽ നിറവേറുവാൻ സർവ പ്രയത്നവും കഴിക്കാം. "വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്നു നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിനുതന്നെ സർവകാലത്തിനു മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ ആമേൻ". ❖

# പങ്കുള്ള പങ്കാളികളും പങ്കില്ലാത്ത പങ്കാളികളും

**Evangelist Dani Ezekiel, MA, M.Th.**

കൊറോണ രോഗത്തിന്റെ ബാധയാൽ ലോകർ എല്ലാം സ്വയം വീട്ടുതടങ്കലിൽ ആയിരിക്കുമ്പോൾ വിശ്വാസികളായ നമുക്ക് ഒരു മുഴുനീള സ്വയശോധനയ്ക്ക് അവസരം ഉണ്ടായിരിക്കയാണ്. അതായത് ഇതുവരെയുള്ള നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ക്രിസ്തുവിൽ നമുക്ക് എത്ര പങ്ക് ഉണ്ടായിരുന്നു എന്ന് പരിശോധിക്കേണ്ട സമയമാണ്. കാരണം പലപ്പോഴും ക്രിസ്തുവിനോട് വേറുപെട്ട് സ്വന്തം യുക്തിക്കും ശക്തിക്കും ബുദ്ധിക്കും അനുസരിച്ചാണ് പലരും പ്രവർത്തിക്കുന്നത്. പങ്കില്ലാത്ത പങ്കാളികളായി, കാരമില്ലാത്ത ഉപ്പായി, ആർപ്പില്ലാത്ത ആർപ്പ് പുറപ്പെടുവിക്കുന്നവരായി സ്വന്തം തോൽവിപോലും തിരിച്ചറിയാത്തവരായി ഇരിക്കുന്നതിനാൽ ആണ് സകലത്തിലും പൂർണ്ണജയം (morethan conquerors Rom. 8:27) പ്രാപിക്കേണ്ടവരായ നാം സകലവിധത്തിലും പരാജിതരാകുന്നത്.

**ഈ ലേഖനത്തിലെ മൂന്നു ഘടകങ്ങൾ :-**

ആയതിനാൽ ഒന്നാമതായി സകലത്തിലും ജയിച്ചു കയറാൻ സകലത്തെയും ജയിച്ച ക്രിസ്തുവിൽ നമുക്കുള്ള നമ്മുടെ പങ്കിനെ ഊട്ടി ഉറപ്പിക്കുക എന്നതാണ്. രണ്ടാമതായിട്ട് ഇതിനായി ക്രിസ്തീയ ജീവിതത്തിലെ ഏഴുകാര്യങ്ങളിൽ ഉള്ള നമ്മുടെ പങ്കാളിത്വം വെവ്വേറെയായി പട്ടികയിൻപ്രകാരം നോക്കിക്കണ്ട് ഉറപ്പിക്കണം. മൂന്നാമതായി ഈ വലിയ ഉദ്യമത്തിൽ പങ്കാളികളായാൽ നമുക്കുള്ള പ്രയോജനവും പ്രതിഫലവും എന്താണ് എന്ന് നാം ഈ പോരാട്ടത്തിന് ഇറങ്ങുന്നതിന് മുൻപ് അറിയേണ്ടതുണ്ട്.

**കുറിവാക്യം:-**

"ഉപ്പു നല്ലതു തന്നേ; ഉപ്പു കാരമില്ലാതെ പോയാലോ എന്തൊന്നിനാൽ അതിന് രസം വരുത്തും? നിങ്ങളിൽ തന്നേ ഉപ്പുള്ളവരും അന്യോന്യം സമാധാനമുള്ളവരും ആയിരിപ്പിൻ" (മർക്കൊസ് 9:50).

കർത്താവ് പറഞ്ഞ ഈ വാചകങ്ങൾ ആണ് ഈ ലേഖനത്തിന് ജീവൻ നൽകുന്നത്. ഉപ്പ് നല്ലതെങ്കിലും കാരമില്ലാത്ത ഉപ്പിന് പ്രയോജനം ഇല്ല. അതിനെ ഗുണം അഥവാ രസം വരുത്തിയെടുക്കണം. അതിനായി ഉദ്യമിച്ചാൽ നമുക്ക് ലഭിക്കുന്ന പ്രയോജനം എന്നത് പുത്രന് തന്നിൽ തന്നേ ജീവനുള്ളവൻ ആകുവാൻ ദൈവം വരം കൊടുത്തപോലെ (യോഹ. 5:26) ദൈവം നമുക്കും തങ്ങളിൽ തന്നേ ഉപ്പുള്ളവരും അന്യോന്യം സമാധാനമുള്ളവർ ആകുവാനും കഴിയും. ഈ അടിസ്ഥാനത്തിൽ ഈ വാക്യത്തെ ഇങ്ങനെ വ്യാഖ്യാനിച്ചെഴുതാമല്ലോ: അതായത്, വിശ്വാസി എന്നത് നല്ലത് തന്നേ. എന്നാൽ വിശ്വാസി കാരമില്ലാതെ പോയാൽ അവനെ എന്തോന്ന്കൊണ്ട് രസം വരുത്താം, അങ്ങനെ നിങ്ങളിൽ തന്നേ ഉപ്പുള്ളവർ ആയിരിക്കണം.

## I. ക്രിസ്തുവിൽ പങ്കാളി ആയാലുള്ള പ്രയോജനവും പ്രതിഫലവും

പങ്കാളിത്വത്തെക്കുറിച്ച് ആമുഖത്തിൽ പറഞ്ഞ മൂന്ന് കാര്യങ്ങളിൽ അവസാനം മുതൽ ആദ്യത്തേത് വരെയാണ് കൂടുതൽ ശ്രദ്ധയുണർത്തുവാൻ ക്രമീകരിച്ച് ചിന്തിക്കുന്നത്. മൂന്നിൽ അവസാനത്തേതാണ് തലക്കെട്ടിൽ ഉള്ളത്. കാരണം ശിഷ്യന്മാരും ആദ്യമേ തന്നെ കർത്താവിനോട് ചോദിച്ചത് തങ്ങൾക്ക് എന്ത് കിട്ടും എന്നതാണ്. ഈ ചോദ്യത്തെ കർത്താവ് നിരുത്സാഹപ്പെടുത്തിയില്ല. അവരെ കഷ്ടനഷ്ടങ്ങളുടെയും പ്രതിഫലങ്ങളുടേയും നിബന്ധനകൾ പറഞ്ഞ് പ്രോത്സാഹിപ്പിക്കയാണ് ഉണ്ടായത്.

1. ക്രിസ്തുവിൽ പങ്കാളിയായാൽ ക്രിസ്തു ചെയ്തതിലും അധികം ചെയ്യാനാകും: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" (യോഹ. 14:12). രണ്ടുവട്ടം കോഴി കൂകുന്നതിന് മുമ്പെ മൂന്നുവട്ടം സാധാരണക്കാരുടെ മുമ്പിൽ കർത്താവിനെ തള്ളിപ്പറഞ്ഞ പത്രൊസ് ക്രിസ്തുവിൽ പങ്കാളിയായപ്പോൾ അസാധാരണ ശക്തിയോടെ പെന്തെക്കൊസ്തുനാളിൽ വലിയ പുരുഷാരത്തെ സാക്ഷിയാക്കി കർത്താവിനെ സാക്ഷിക്കയും ഉടനടി 3000 പേരെ നേടുകയും ചെയ്തത് ഒരു സാധാരണ സംഭവം അല്ലല്ലോ? ഇത് മറ്റൊരാളെക്കാളും സന്തോഷിപ്പിച്ചത് പത്രൊസിനെ തന്നെയാണെന്നതിൽ സംശയവും വേണ്ടല്ലോ.

2. ക്രിസ്തുവിൽ പങ്കാളിയായാൽ ക്രിസ്തുവിനായി ഏറ്റവും ചെറിയ കാര്യങ്ങളും ചെയ്യുവാനാകും: മറിയയും (ലൂക്കോസ് 10:41, 42), പരീശനായ ശീമോന്റെ ഭവനത്തിൽ വന്ന പട്ടണത്തിലെ പാപിയായ സ്ത്രീയെയും (ലൂക്കോ. 7:38) കർത്താവ് അനുമോദിക്കുന്നത് കാണാം. ഇവർ ചെറിയവർ എങ്കിലും കർത്താവിൽ ചെറുതല്ലാത്ത കാര്യമാണ് ചെയ്തത്.

എന്നാൽ നാം കാണേണ്ടത് കർത്താവിൽ പങ്കില്ലാത്തവർ ചെയ്യുന്ന ചെറിയവയ്ക്ക്പോലും പ്രതിഫലം നൽകുന്ന കർത്താവ് പങ്കുള്ളവർ ചെയ്യുന്ന ചെറിയവയ്ക്കോ കണ്ണ് കാണാത്ത ചെവി കേൾക്കാത്ത പ്രതിഫലം നൽകും എന്നതിൽ തർക്കമില്ലല്ലോ. "നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്ക് കുടിപ്പാൻ തന്നാൽ അവന്നു പ്രതിഫലം കിട്ടാതിരിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മർക്കൊ. 9:41). ഈ വാക്യത്തിൽ ക്രിസ്തുവിൽ പങ്കില്ലാത്തവർക്ക് ക്രിസ്തുവിൽ പങ്കുള്ളവർക്ക് നൽകുന്ന നന്മയ്ക്ക് പ്രതിഫലം ദൈവം നൽകുന്നത് കാണാം. നമ്മുടെ ഉയർച്ചയ്ക്കുള്ള വഴിതന്നേ താഴ്മയിൽ നിന്നു മാണ്. "നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം" (മർക്കോ. 10:44).

3. ക്രിസ്തുവിൽ പങ്കാളിത്വമുള്ളവർക്കാണ് മഹത്വത്തിലും പങ്കുള്ളത്: "നിങ്ങൾ ആകുന്നു എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിലനിന്നവർ. എന്റെ പിതാവ് എനിക്ക് രാജ്യം നിയമിച്ചു തന്നതുപോലെ ഞാൻ നിങ്ങൾക്കും നിയമിച്ചുതരുന്നു" (ലൂക്കോ. 22:28,29). "നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ" (റോമ. 8:17). ആയതിനാൽ ക്രിസ്തുവിൽ നമുക്കുള്ള പങ്കിന്റെ തോത് നമ്മുടെ പ്രതിഫലത്തിന്റെ തോതും മാറ്റും കൂട്ടും. അപ്പോൾ പങ്കില്ലാത്തവർക്ക് അതിന്റേതായ കുറവ് ഉണ്ടാകുകതന്നെ ചെയ്യും. ആയതിനാൽ ക്രിസ്തുവിൽ പങ്കുള്ളവർക്ക് അധികം ചെയ്യുവാനും, ചെയ്തതിന് ഒട്ടൊഴിയാതെ ചെറിയതിനും വലിയതിനും എല്ലാം പ്രതിഫലവും പൂർണ്ണ പങ്കാളികൾക്ക് എല്ലാ അർഹതയോടും കൈപ്പറ്റാം.

## II. ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങളും പങ്കാളിത്വവും ആയുള്ള ബന്ധം:

ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾക്കും (അപ്പൊ. 2:41,42) ക്രിസ്തുവുമായി അഭേദ്യമായ ബന്ധമുണ്ട്. i.e.1) കൈക്കൊള്ളുക (2) സ്നാനം ഏൽക്കുക 3) ചേരുക (4) ഉപദേശം കേൾക്കുക (5) കൂട്ടായ്മ ആചരിക്കുക (6) അപ്പം നുറുക്കുക (7) പ്രാർത്ഥന കഴിക്കുക.

**1. രക്ഷാപങ്കാളിത്വം:** "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്ക് യഹോവ ആകുന്നു. നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു. അളവുനൂൽ എനിക്ക് മനോഹര ദേശത്തു വീണിരിക്കുന്നു; അതേ, എനിക്ക് നല്ലോരവകാശം ലഭിച്ചിരിക്കുന്നു". ദാവീദിന്റെ ഈ സ്വർണ്ണഗീതത്തിൽ ദൈവം നൽകുന്ന അവകാശത്തിൽ തനിക്ക് യഹോവയിൽ ഉള്ള പങ്ക് ദാവീദ് വ്യക്തമാക്കുന്നു. പൗലോസും തനിക്ക് ലഭിച്ച മർമ്മത്തിൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമുക്ക് ഉള്ളിൽ ഉള്ളത് വ്യക്തമാക്കുന്നു (കൊലൊ.1:27).

**2. സ്നാന പങ്കാളിത്വം:** "അല്ല. യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളിയായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നേ" (റോമ. 6:3,4).

**3. ചേർന്ന പങ്കാളിത്വം:** പത്രൊസും യോഹന്നാനും ഒൻപതാം മണിനേരം പ്രാർത്ഥനാസ്ഥലത്ത് അമ്മയുടെ ഗർഭം മുതൽ മുടന്തനായവനെ സൗഖ്യമാക്കി. ഇവ്വനാകട്ടെ അപ്പോൾ മുതൽ അവരോട് കൂടെ ഇടവിടാതെ എല്ലാറ്റിലും കുറഞ്ഞത് മൂന്ന് ഇടങ്ങളിലെങ്കിലും ചേർന്നു നിന്നു. "അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് അവരോടുകൂടെ നില്ക്കുന്നതു കണ്ടതുകൊണ്ട് അവർക്ക് എതിർ പറവാൻ വകയില്ലായിരുന്നു" (അപ്പൊ. 4:14).

**4. ഉപദേശ പങ്കാളിത്വം:** ആത്മപ്രേരണയാൽ ഷണ്ഡന്റെ തേരിനോടു ചേർന്നുനടന്ന ഫിലിപ്പോസിനെ ഷണ്ഡൻ തേരിൽ ഇരുത്തി ഉപദേശം കേൾക്കയും ഉപദേശപ്രകാരം സ്നാനമേൽക്കയും ചെയ്തു. "ആത്മാവ് ഫിലിപ്പോസിനോട്, നീ അടുത്തു ചെന്ന് തേരിനോട് ചേർന്നുനടക്ക എന്നു പറഞ്ഞു. ഫിലിപ്പോസ് ഓടിച്ചെല്ലുമ്പോൾ യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുന്നതു കേട്ടു. നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചതിന്നു ഒരുത്തൻ പൊരുൾ തിരിച്ചുതരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു അവൻ പറഞ്ഞു, ഫിലിപ്പൊസ് കയറി തന്നോടുകൂടെ ഇരിക്കേണം എന്നു അപേക്ഷിച്ചു" (അപ്പൊ.8:29-30).

5. **കൂട്ടായ്മാപങ്കാളിത്വം:** "യേശു അവനോട്: ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും എന്ന് ഉത്തരം പറഞ്ഞു. നീ ഒരുനാളും എന്റെകാൽ കഴുകുകയില്ല എന്നു പത്രൊസ് പറഞ്ഞു. അതിന് യേശു: ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടു കൂടെ പങ്കില്ല എന്നു ഉത്തരം പറഞ്ഞു" (യോഹ. 13:7,8). "അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നു വെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറു എന്നു എണ്ണുന്നു...."(ഫിലി.3:10,11). ഈ വാക്യങ്ങൾ കർത്താവും വിശ്വാസികളും തമ്മിലെ കൂട്ടായ്മയിലെ അന്യോന്യതയുടെ പങ്കിനെ വെളിപ്പെടുത്തുന്നു.

6. **അപ്പം നുറുക്കലിലെ പങ്കാളിത്വം:** "ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ; യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ അല്ലയോ? ഞാൻ പറയുന്നതു എന്തു? വിഗ്രഹാർപ്പിതം വല്ലതും ആകുന്നു എന്നോ? വിഗ്രഹം വല്ലതും ആകുന്നു എന്നോ? അല്ല. ജാതികൾ ബലികഴിക്കുന്നതു ദൈവത്തിനല്ല ഭൂതങ്ങൾക്ക് കഴിക്കുന്നു എന്നത്രേ; എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്ക് മനസ്സില്ല. നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല" (1 കൊരി. 10:18-21). നമുക്ക് തിരുവത്താഴത്തിൽ കൂടിയുള്ള കൂട്ടായ്മ കർത്താവിനോടും ദൈവമക്കളോടും മാത്രമേ ആകാവൂ എന്ന കർത്താവിന്റെ നിഷ്ഠ കണ്ടാലും.

7. **പ്രാർത്ഥനാപങ്കാളിത്വം:** "പത്രോസിനെയും സെബെദിപുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ടു ചെന്നു ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ച് എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്ന് അവരോട് പറഞ്ഞു" (മത്താ. 26:37,38). നിരന്തരവും തുടർമാനവുമായ ഒന്നാണ് പ്രാർത്ഥന കഴിച്ചുംപോന്നു എന്ന പ്രാർത്ഥനയിലെ പങ്കാളിത്വം. എന്നാൽ ഗത്ത്ശമനത്തോട്ടത്തിൽ കർത്താവിന് ശിഷ്യരിൽ നിന്ന് ഇത് ലഭിച്ചില്ല. എങ്കിലും കർത്താവ് ഏകനായി തന്റെ പിതാവിനോട് പ്രാർത്ഥിക്കയും പരീക്ഷയെ ജയിക്കയും ചെയ്തപ്പോൾ ശിഷ്യർ പ്രാർത്ഥിക്കാതെ ഉറങ്ങി ആശ്വസിച്ചെങ്കിലും പരീക്ഷയിൽ പരാജയം രുചിച്ച് വലഞ്ഞു. ഇതിനാൽ നമുക്ക് മനസ്സിലാകുന്നത് ക്രിസ്തീയ ജീവിതത്തിലെ വളർച്ചയുടെ ഏഴു സമ്പൂർണ്ണ പടവുകളും വിജയകരമായി പൂർത്തിയാക്കുവാൻ കർത്താവുമായി നമുക്ക് ഉണ്ടാകേണ്ട പങ്കും, കൂട്ടായ്മയും, ഓഹരിയും എല്ലാം എത്രയോ പ്രസക്തമാണ് എന്നതാണ്.

## III ക്രിസ്തുവിൽ നമുക്ക് ഉള്ള യഥാർത്ഥ പങ്ക് എന്താണ്?

ക്രിസ്തുവിൽ നമുക്ക് എത്ര പങ്ക് ഉണ്ട് എന്നതാണ് നമ്മിൽ കാണേണ്ട കാര്യത്തിന്റെ മൂലം (ഇയ്യോ.19:28) എന്ന് നാം തിരിച്ചറിയേണം. ഇതല്ലാതെ സ്വന്തമായ മികവോ, കഴിവോ, മേന്മയോ അല്ല മാനദണ്ഡം. മാത്രവുമല്ല, ഈ പങ്കാണ് നമ്മുടെ പ്രതിഫലം നിർണ്ണയിക്കുന്നത്. പങ്ക് എത്രയും കൂടുംതോറും അത്രയ്ക്ക് വിശ്വാസിയുടെ മേന്മയും കൂടും. അതാണ് നമ്മുടെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്ക് യഹോവയാകുന്നു എന്നത്കൊണ്ട് ധ്വനിക്കുന്നത്. പൗലോസ് കർത്താവിനായി അനുഭവിച്ച വലിയ കഷ്ടാനുഭവങ്ങൾ തുടങ്ങി ഉറക്കിളപ്പ്, വാഗ് വൈഭവക്കുറവ്, നിന്ദ്യമായ ശരീര സാന്നിധ്യം മുതലായവ എല്ലാം അദ്ദേഹത്തിന് കർത്താവിലുള്ള പങ്ക് (share,ഓഹരി) വർദ്ധിപ്പിക്കുന്നതാണ്. "അവനെക്കുറിച്ച് ഞാൻ പ്രശംസിക്കും, എന്നെക്കുറിച്ചോ എന്റെ ബലഹീനതകളിൽ അല്ലാതെ ഞാൻ പ്രശംസിക്കയില്ല. ഞാൻ പ്രശംസിപ്പാൻ വിചാരിച്ചാലും മൂഢനാകയില്ല. സത്യമല്ലോ പറയുന്നത്; എങ്കിലും എന്നെ കാണുന്നതിനും എന്റെ വായിൽ നിന്ന് കേൾക്കുന്നതിനും മീതെ ആരും എന്നെക്കുറിച്ച് നിരൂപിക്കരുത് എന്ന് വെച്ചു ഞാൻ അടങ്ങുന്നു" (2 കൊരി. 12:5,6). താൻ മൂന്നാം സ്വർഗ്ഗത്തിൽ പോയ അനുഭവത്തിൽ താൻ പ്രശംസിക്കും എന്നും തുടർന്ന് തന്റെ ബലഹീനതകളെ ചൊല്ലിയും താൻ പ്രശംസിക്കും എന്ന് പൗലൊസ് പറയുന്നു. കാരണം താൻ ബലഹീനൻ ആകുമ്പോൾ കർത്താവിന്റെ ശക്തിയാണ് തന്നിൽ വെളിപ്പെടുന്നത് (2 കൊരി. 12:9). മാത്രമല്ല, ഈ കഷ്ടങ്ങളാൽ താൻ ശരിക്കും ഇവ കർത്താവിലൂടെ നേടിയെടുത്ത പങ്കിലാണ് തന്റെ യഥാർത്ഥ പ്രശംസ.

ചില തസ്തികകൾ, സ്ഥാനമാനങ്ങൾ, നേട്ടങ്ങൾ എന്നിവ നാം നേടി എടുക്കുന്നവയും (earned) മറ്റു ചിലത് നമുക്ക് സമ്മാനിക്കപ്പെടുന്നവയും (conferred) ഉണ്ടാകും. എന്നാൽ ആദ്യത്തേതിന് മാത്രമെ നമ്മെ അഭിമാന പുളകിതരാക്കുവാനാകൂ. പൗലൊസ് അന്യഭാഷയിൽ പ്രാർത്ഥിക്കുവാൻ പറയുന്ന ഭാഗത്ത്

"ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടുപാടും, ബുദ്ധികൊണ്ടും പാടും.... എങ്കിലും സഭയിൽ പതിനായിരം വാക്ക് അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കാൾ അധികം മറ്റുള്ളവരെയും പഠിപ്പിക്കേണ്ടതിന് ബുദ്ധികൊണ്ട് അഞ്ച് വാക്ക് പറവാൻ ഞാൻ ഇച്ഛിക്കുന്നു" (1 കൊരി. 14:15-19). ഇവിടെ പൗലൊസ് വ്യക്തമാക്കുന്നത് എല്ലാവരെക്കാളും അധികം താൻ ആത്മാവിലായി, അന്യഭാഷ അനുസ്യൂതം പറയുന്നുവെങ്കിലും അതിലധികം വാഗ്വൈഭവമില്ലാത്ത തന്റെ നാവിനെ പിന്നെയും പ്രയത്നിപ്പിച്ചുകൊണ്ട് ബുദ്ധികൊണ്ട് അഞ്ചുവാക്ക് പറഞ്ഞ് ശത്രുക്കളുടെ പരിഹാസശരങ്ങളെ പിന്നെയും പിന്നെയും ഏറ്റുവാങ്ങുവാൻ പൗലൊസ് അധികം ഇഷ്ടപ്പെടുന്നു എന്നാണ്. കാരണം കർത്താവിനായി നിന്ദ ചുമക്കുന്നതിൽ അധികം പ്രതിഫലമുണ്ടല്ലോ എന്ന സത്യം പൗലോസിനെ കൂടുതൽ ഊർജ്ജസ്വലനാക്കുന്നു.

**ശ്രമകരമായ പങ്ക്:**

മുകളിൽ പ്രസ്താവിച്ചത് പോലെ ഈ പങ്ക് നേടിയെടുക്കുക എന്നത് വളരെ ശ്രമകരമാണ്. അതിനായി യോഹന്നാൻ സ്നാപകൻ പ്രഖ്യാപിച്ചത് പോലെ "അവൻ വളരേണം, ഞാനോ കുറയേണം...." (യോഹ. 3:30) എന്നും ക്രിസ്തു പഠിപ്പിച്ചത് പോലെ "തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" (മത്താ. 10:38,39) എന്നും ഉള്ള ഉപദേശം നെഞ്ചിലേറ്റുന്നവർക്കേ ഇതിനാകൂ. എന്നാൽ പലർക്കും ഇതിന് മനസ്സില്ലാത്തതിനാൽ അവർ പിന്തള്ളപ്പെടുന്നു. ചിലരോ വളഞ്ഞ മാർഗ്ഗം അതിനായി അവലംബിക്കുന്നു. ഒന്നാമത്തേതിന്റെ ഉദാഹരണം പന്തിരുവരിൽ പങ്കുണ്ടായിരുന്നെങ്കിലും ക്രൂശിന്റെ അനുഭവം ഇല്ലെങ്കിൽ പങ്ക് നഷ്ടപ്പെടും എന്ന് തെളിയിക്കുന്ന യൂദാസിന്റെ അനുഭവമാണ്. "അവൻ ഞങ്ങളുടെ എണ്ണത്തിൽ ഈ ശുശ്രൂഷയിൽ പങ്ക് ലഭിച്ചിരുന്നുവല്ലോ. അവൻ അനീതിയുടെ കൂലികൊണ്ട് ഒരു നിലം മേടിച്ച് തലകീഴായി വീണു നടുവെ പിളർന്നു അവന്റെ കുടലെല്ലാം തുറിച്ചുപോയി" (അപ്പൊ. 1:17,18). രണ്ടാമതായി, അപ്പൊസ്തലന്മാർക്കുള്ള കരം വെച്ചാൽ ആത്മാവ് ലഭിക്കുന്ന ആത്മശക്തിയുടെ പങ്ക് നേടുവാൻ വളഞ്ഞ മാർഗം സ്വീകരിച്ച ശമര്യയിലെ ശീമോന്റെ ദുരനുഭവമാണ്. "പത്രൊസ് അവനോട്: ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ടു നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ. നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ടു ഈ കാര്യത്തിൽ നിനക്ക് പങ്കും ഓഹരിയുമില്ല" (അപ്പൊ.8:20,21).

**ഉപസംഹാരം:**

ഈ ലേഖനത്തിൽ ക്രിസ്തുവിൽ നമുക്ക് ഉള്ള പങ്കും പങ്കാളിത്തവും നാം ചിന്തിച്ചുവല്ലോ. ഈ പങ്കിനായി വലിയ പോരാട്ടവും (ഫിലി.1:27). പോരാടിക്കൊണ്ടുള്ള അദ്ധ്വാനവും (കൊലൊ.1:24). ഒരുപോലെ അദ്ധ്വാനവും പോരാട്ടവും (1 തിമൊ. 4:10) നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്. ഇതിനായി ഒരു പ്രത്യേകമായ കഷ്ടം അനുഭവിപ്പാൻ ഉള്ള വരവും നമുക്ക് അധികമായി നൽകപ്പെട്ടിരിക്കുന്നു. "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു" (ഫിലി. 1:29). ക്രിസ്തുവിൽ നമുക്കുള്ള പങ്ക് ദൃഢപ്പെടുന്നത് കഷ്ടതയിലാണ്, അതിനാൽ അതിൽ അതിശയിക്കാതെ സന്തോഷിച്ച് ഉല്ലസിക്കുകയാണ് വേണ്ടത്. "പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നു വെച്ച് അതിശയിച്ചു പോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകുംതോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും" (1 പത്രൊ. 4:12,13). പലപ്പോഴും ഗോമറിനെപ്പോലെ കർത്താവിനോട് അവിശ്വസ്തത കാണിച്ച പങ്കാളി ആകാതെ ഇനിയെങ്കിലും സുബോധം വീണ്ടെടുത്ത് യഥാർത്ഥ കൂട്ടാളിയാകണം. "എന്നാൽ നിങ്ങൾ അത് എന്തുകൊണ്ട് എന്ന് ചോദിക്കുന്നു. യഹോവ നിനക്കും നീ അവിശ്വസ്തത കാണിച്ചിരിക്കുന്ന യൗവനത്തിലെ ഭാര്യയ്ക്കും മദ്ധ്യേ സാക്ഷിയായിരുന്നതുകൊണ്ടു തന്നേ; അവൾ നിന്റെ കൂട്ടാളിയും നിന്റെ ധർമ്മപത്നിയുമല്ലോ" (മലാ. 2:14). അങ്ങനെ ക്രിസ്തുവിൽ നല്ല പങ്കാളികളായാൽ മാത്രമെ നമുക്ക് പുനരുത്ഥാനത്തിൽ നല്ല നിലയിൽ എത്തുവാനും കഴികയുള്ളൂ. "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും" (വെളി. 20:6). ആയതിനാൽ നമുക്കെല്ലാവർക്കും ക്രിസ്തുവിൽ യഥാർത്ഥ പങ്കുള്ള പങ്കാളികൾ ആകാം. ❖

# പ്രാർത്ഥനാതല്പരന്മാരായ വിശുദ്ധന്മാരുടെ ആവശ്യം

**E.M. Bounds**

ഈ കാലത്തെ ശുശ്രൂഷയിൽ ആത്മികശക്തിയുടെ ഒരു പ്രത്യക്ഷകുറവു കാണ്മാനുണ്ട്. എന്റെ സ്വന്ത കാര്യത്തിലും മറ്റുള്ളവരുടേതിലും ഞാൻ അതു കാണുന്നു. ക്രമീകരണങ്ങളും, സമ്പ്രദായങ്ങളും, ചട്ടവട്ടങ്ങളും ചെയ്യുന്നതായി ലഘുതരമായോരു മനോഗതത്തിനു നാം വശംവദരായി ഭവിച്ചിട്ടില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു. ഒരുവന്റെ വാസനയോടും മറ്റൊരുവന്റെ മുൻവിധിയോടും ഇടപെടുന്നതിൽ നാം നമ്മെത്തന്നേ ആവശ്യത്തിലധികം ചെലവു ചെയ്യുന്നു. ശുശ്രൂഷ വളരെ ഉന്നതവും വിശുദ്ധവുമായ ഒരു ഏർപ്പാടാകുന്നു. ക്രിസ്തീയശുശ്രൂഷക്കാരിൽ കാണുന്ന പ്രധാന ദോഷം അവർ ദൈവസംസർഗ്ഗ പരിചയം ഇല്ലാത്തവരായിരിക്കുന്നു എന്നുള്ളതാണ്.

വിശുദ്ധപുരുഷന്മാരുടെയും സ്ത്രീകളുടെയും വലിയ ആവശ്യകത ഇതിൽപരമായി മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. വിശുദ്ധന്മാരും ദൈവഭക്തന്മാരുമായ പ്രാസംഗികന്മാരുടെ ആവശ്യമോ അതിലും കവിഞ്ഞിരിക്കുന്നു. ലോകം രാക്ഷസച്ചുവടുവെച്ചാകുന്നു മുമ്പോട്ടു ഗമിക്കുന്നത്. സാത്താന്നു ലോകത്തിൽ സ്വാധീനവും ഭരണവും ഉണ്ട്. അതിന്റെ ഗതികൾ മുഴുവനും അവന്റെ സാദ്ധ്യനിവൃത്തിക്കു അനുകൂലമാകുവാൻ വേണ്ടി അവൻ പ്രയത്നിച്ചുകൊണ്ടാണിരിക്കുന്നത്. മാർഗ്ഗം അതിന്റെ അത്യുത്തമവേല ചെയ്കയും എത്രയും ആകർഷണീയവും പരിപൂർണ്ണവുമായ മാതൃക കാണിച്ചുകൊടുക്കുകയും വേണ്ടതാകുന്നു. ആധുനിക വിശുദ്ധന്മാരുടെ നില അത്യുൽകൃഷ്ടമാതൃകകളാലും ദൈവാത്മാവു മുഖാന്തരമുള്ള വൻതര കഴിവുകളാലും എല്ലാ പ്രകാരത്തിലും ഉണർത്തപ്പെടേണ്ടിയിരിക്കുന്നു. എഫേസ്യ സഭ അളവറ്റ പരിശുദ്ധതയുടെ വീതി നീളം ആഴം ഉയരം എന്നിവയെ ഗ്രഹിക്കേണ്ടതിന്നും ദൈവത്തിന്റെ സകല നിറവിനോളം നിറഞ്ഞുവരേണ്ടതിനുംവേണ്ടി വിശുദ്ധ പൌലൊസ് തന്റെ മുട്ടുകളിന്മേൽ ജീവിച്ചു. കൊലോസ്യ സഭയിലെ ജനങ്ങൾ തികഞ്ഞവരും, ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരുമായി നില്ക്കേണ്ടതിന്നുവേണ്ടി എപ്പഫ്രാസ് അക്ഷീണപരവശതയോടും അത്യന്തശുഷ്കാന്തിയോടും കൂടെ പ്രാർത്ഥനയിൽ പോരാട്ടം ചെയ്തുകൊണ്ടിരുന്നു. അപ്പൊസ്തലകാലത്തു എവിടെയും ഏതിലും ഉണ്ടായിരുന്ന ഉദ്യമം മുഴുവനും ദൈവജനങ്ങൾ എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണപ്രായത്തിന്റെ അളവും പ്രാപിക്കേണമെന്നുള്ളതായിരുന്നു. വളർച്ചയില്ലാതെ മുരടിച്ചിരിക്കുന്ന അവസ്ഥക്കു ഒരു പ്രതിഫലവും നിശ്ചയിച്ചിട്ടില്ല. പഴകിയ ശൈശവനിലയെ ഒരു വിധത്തിലും ധൈര്യപ്പെടുത്തുന്നില്ല. ശിശുക്കൾ വളർച്ച പ്രാപിക്കണം. വൃദ്ധന്മാർ ക്ഷീണിച്ചും ബലഹീനപ്പെട്ടും ഇരിക്കുന്നതിനു പകരം വാർദ്ധക്യത്തിൽ ഫലം കായ്ക്കയും പുഷ്ടിയും മേദസ്സുമുള്ളവരായി തീരുകയും വേണം. മാർഗ്ഗത്തെ സംബന്ധിച്ച കാര്യത്തിനു ഏറ്റവും ദിവ്യമായിരിക്കുന്നതു എന്തെന്നുവെച്ചാൽ വിശുദ്ധപുരുഷന്മാരും വിശുദ്ധസ്ത്രീകളും ഉണ്ടായിരിക്കുന്നതാകുന്നു.

ഏറിയ പണംകൊണ്ടോ വരപ്രാപ്തികൊണ്ടോ, വിദ്യകൊണ്ടോ ദൈവത്തിന്നായി കാര്യങ്ങളെ മേൽഗതിയിൽ വരുത്താമെന്നു വിചാരിക്കേണ്ട. ആത്മാവു വിശുദ്ധികൊണ്ടു ശക്തീകരിക്കപ്പെടുകയും, മുഴുമനുഷ്യൻ സ്നേഹംകൊണ്ടും, അധികം വിശ്വാസത്തിനും അധികം പ്രാർത്ഥനക്കും അധികം തീക്ഷ്ണതയ്ക്കും അധികം പ്രതിഷ്ഠയ്ക്കുംവേണ്ടിയുള്ള വാഞ്ഛകൊണ്ടും കത്തി എരികയും ചെയ്യുന്നതു തന്നെയാകുന്നു ശക്തിയുടെ മർമ്മം. ഇതു നമുക്കു ആവശ്യവും അത്യന്താപേക്ഷിതവും ആകുന്നു. മനുഷ്യർ വാസ്തവത്തിൽ ദൈവോജ്ജ്വലന ഭക്തിയുടെ അവതാരപുരുഷന്മാരായി തന്നേ ഇരിക്കേണ്ടതാകുന്നു. ഇതിന്റെ കുറവു നിമിത്തം ദൈവഗതിക്കു തടസ്സം നേരിടുകയും, തന്റെ കാര്യം ഭംഗമാകുകയും, തന്റെ നാമം അപമാനിക്കപ്പെടുകയും അത്രെ ചെയ്യുന്നത്. വരപ്രാപ്തികൾ എത്രതന്നേ അത്യുന്നതവും ഏറ്റവും നൽവരപ്രസാദങ്ങളോടു കൂടിയവയും ആയിരുന്നാലും, വിദ്യ എത്രതന്നേ പാണ്ഡിത്യശ്രേഷ്ഠവും വിശേഷതരവും ആയിരുന്നാലും, സ്ഥാനമോ, മാനമോ, സ്ഥലമോ, ബഹുമതിയോ, വൈദികശ്രേഷ്ഠതയോ എന്തുതന്നെ ആയാലും ഇവയ്ക്കൊന്നിനും നമ്മുടെ ദൈവത്തിന്റെ രഥത്തെ നടത്തുവാൻ കഴിയുന്നതല്ല. അതു അഗ്നിരഥമാകുന്നു, അഗ്നിക്കുതിരകൾക്കു മാത്രമേ അതിനെ നടത്തുവാൻ സാധിക്കൂ. മിൽറ്റന്റെ വരപ്രാപ്തികൾ തോറ്റുപോകുന്നു. ലീയോയുടെ രാജകീയശക്തികൾ പരാജയം പ്രാപിക്കുന്നു. എങ്കിലോ

ബ്രെയിനാർഡിന്റെ ആത്മാവിന്നു അതിനെ നടത്തുവാൻ സാധിക്കുന്നു. ബ്രെയിനാർഡിന്റെ ആത്മാവു ദൈവത്തിന്നുവേണ്ടി തീകത്തുന്നതായിരുന്നു. അതു മാത്രമല്ല, ആത്മാക്കൾക്കുവേണ്ടിയും തീകത്തുന്നതായിരുന്നു. ഭൌമികവും, ലൌകികവും, സ്വേച്ഛാനുസരണവുമായ യാതൊന്നിനും സർവ്വോത്തമവും, സർവ്വദഹനോൽകൃഷ്ടവുമായ ശക്തിയുടെയും ജ്വാലയുടെയും തീക്ഷ്ണതയെ അല്പമെങ്കിലും ഒടുക്കുന്നതിന്നു സാധിച്ചിട്ടില്ല.

ദൈവഭയത്തിന്റെ ഉത്ഭവവും അതിന്റെ കൈവഴിയും പ്രാർത്ഥനയാകുന്നു. ഭജനത്തിന്റെ ആത്മാവു പ്രാർത്ഥനയുടെ ആത്മാവാകുന്നു. ആത്മാവും ശരീരവും തമ്മിലും, ജീവനും ഹൃദയവും തമ്മിലും എങ്ങനെ യോജിച്ചിരിക്കുന്നുവോ അപ്രകാരം തന്നെയാകുന്നു പ്രാർത്ഥനയും ഭജനവും തമ്മിൽ യോജിച്ചിരിക്കുന്നത്. ഭജനം കൂടാതെ വാസ്തവമായ പ്രാർത്ഥനയില്ല, പ്രാർത്ഥന കൂടാതെ ഭജനവും ഇല്ല. പ്രസംഗികൻ അതിവിശുദ്ധ ഭജനത്താൽ ദൈവത്തിന്നു അധീനമായിരിക്കേണ്ടവൻ ആകുന്നു. അവൻ ഒരു ഉദ്യോഗമട്ടിൽ ജീവിക്കേണ്ടവൻ അല്ല, അവന്റെ ശുശ്രൂഷ ഉദ്യോഗനിലയിൽ ഗണിക്കപ്പെടേണ്ടതുമല്ല. അതു ഒരു ദൈവിക സ്ഥാപനയും ദൈവികഭജനവും അത്രെ. അവൻ ദൈവഭജനതല്പരനും ആകുന്നു. അവന്റെ ഉദ്ദേശ്യം, ആകാംക്ഷ, അഭിമാനം ഇവയെല്ലാം ദൈവത്തിന്നുവേണ്ടിയും ദൈവത്തിങ്കലേക്കും ആകുന്നു. അങ്ങനെയുള്ളതിന്നു ആഹാരം ജീവനെന്നപോലെ, പ്രാർത്ഥന സാരവത്തായിരിക്കുന്ന ഒന്നാകുന്നു.

പ്രസംഗി സകലത്തിന്നും മേലായി ദൈവഭജനതല്പരൻ ആയിരിക്കണം. അവന്നു ദൈവത്തോടുള്ള സംബന്ധം അവന്റെ ശുശ്രൂഷയുടെ വീരമുദ്രയും സാക്ഷിപത്രവും ആകുന്നു. ഇവ വ്യക്തവും, തീർച്ചപ്പെട്ടവയും, തെറ്റിക്കൂടാത്തവയും ആയിരിക്കണം. അവന്റെ ഭക്തി സാധാരണമട്ടിലുള്ളതും തൊലിപ്പുറമേ മാത്രമുള്ളതുമായിരിക്കരുത്. കൃപയാൽ അവൻ ശ്രേഷ്ഠനിലയെ പ്രാപിക്കുന്നില്ല എങ്കിൽ ഒരുവിധത്തിലും ശ്രേഷ്ഠനാകുന്നില്ല. ജീവിതംകൊണ്ടും സ്വഭാവം കൊണ്ടും ശീലംകൊണ്ടും പ്രസംഗിക്കുന്നില്ല എങ്കിൽ അവൻ ഒട്ടുംതന്നേ പ്രസംഗിക്കുന്നില്ല. അവന്റെ ഭക്തി ലഘുതരമായിരുന്നാൽ അവന്റെ പ്രസംഗം സംഗീതം എന്നപോലെ മാർദ്ദവവും മാധുര്യവുമായിരുന്നാലും, അപ്പോസ്തലനെപോലെ വരപ്രാപ്തിയോടുകൂടിയവനായിരുന്നാലും അതിന്റെ ഘനം ഒരു തൂവലിന്റെ ഘനം മാത്രവും, ഭാവനപരവും, പ്രഭാതത്തിങ്കലേ മേഘംപോലെയും, ഉഷസ്സിങ്കലെ മഞ്ഞുപോലെയും ആയിരിക്കും. പ്രാസംഗികന്റെ സ്വഭാവത്തിലും ശീലപ്രകൃതിയിലും ദൈവത്തോടുള്ള ഭക്തി എന്നതിന്നു പകരമായി വേറെ യാതൊന്നും പറവാനില്ല. ഒരു സഭയോടോ, അഭിപ്രായത്തോടോ, ചട്ടവട്ടങ്ങളോടോ, സ്തുതി ചൊവ്വാകപ്പെട്ട ഉപദേശത്തോടോ തനിക്കുള്ള ഭക്തിയാണ് പ്രാസംഗികനിൽ പ്രോത്സാഹജനകമായിരിക്കുന്നതും, തന്റെ വിളിയെ ഉദ്യോഗിപ്പിക്കുകയും വരികിൽ അതു എത്രയും നിസ്സാരവും, വഴി തെറ്റിക്കുന്നതും വ്യർത്ഥവും ആയിരിക്കും. പ്രാസംഗികന്റെ പ്രയത്നത്തിന്റെ നടുനാരായവും, അവന്റെ അദ്ധ്വാനത്തിന്റെ ഉറവയും കിരീടവും ദൈവം തന്നേ ആയിരിക്കണം. യേശുക്രിസ്തുവിന്റെ നാമവും ബഹുമാനവും അവനെ സംബന്ധിച്ചുള്ള കാര്യത്തിന്റെ അഭിവൃദ്ധിയും പ്രാസംഗികനു സകലത്തിലും സകലവും ആയിരിക്കണം. യേശുക്രിസ്തുവിന്റെ നാമമൊഴികെ തന്നെ പ്രോത്സാഹിപ്പിപ്പാൻ മറ്റൊന്നുമില്ലാതെയും, യേശുവിനെ മഹിമപ്പെടുത്തുക എന്നുള്ളതൊഴികെ വേറൊരു അഭിമാനം തനിക്കില്ലാതെയും, യേശുവിന്നുവേണ്ടി പ്രയത്നിക്ക എന്നതൊഴികെ തനിക്കു മറ്റൊരു പ്രയത്നമില്ലാതെയും ഉള്ളവൻ ആയിരിക്കണം പ്രാസംഗികൻ. അപ്പോൾ പ്രാർത്ഥന അവന്നു പ്രശോഭജനകവും, അവന്റെ നിത്യ അഭിവൃദ്ധിയുടെ മുഖാന്തരവും, അവന്റെ വിജയത്തിന്റെ അളവുകോലും ആയിരിക്കും. പ്രാസംഗികന്നു ഉല്ലസിപ്പാൻ കഴിയുന്ന നിത്യലാക്കും ഏക അഭിമാനവും ദൈവം തന്നോടുകൂടെ ഉണ്ടായിരിക്ക എന്നുള്ളതത്രെ. പ്രാർത്ഥനയാൽ വൻകാര്യങ്ങൾ സാധിച്ചുകിട്ടുന്നു എന്നുള്ള അനുഭവങ്ങളുടെ തികവായ ദൃഷ്ടാന്തങ്ങൾ ഈ കാലത്തു എന്നപോലെ അത്ര അധികം ദൈവത്തിന്റെ കാര്യത്തിലേക്കു മുമ്പൊരിക്കലും ആവശ്യപ്പെട്ടിട്ടില്ല. ആഴമേറിയതും അതിതീക്ഷ്ണതയോടു കൂടിയതുമായ പ്രാർത്ഥനയുടെ കാലങ്ങളും ആളുകളും മുഖാന്തരം സാധിച്ചിട്ടുള്ളതുപോലെ സുവിശേഷത്തിന്റെ ശക്തിയെ പ്രദർശിപ്പിക്കുന്ന ദൃഷ്ടാന്തങ്ങൾ മറ്റൊരു കാലത്തിലും യാതൊരു ആളിനാലും സാധിച്ചിട്ടില്ല. പ്രാർത്ഥനാശൂന്യമായ കാലത്തു ദൈവിക ശക്തിയുടെ ദാരിദ്ര്യമാതൃകകൾ മാത്രമേ ഉളവാകയുള്ളൂ. പ്രാർത്ഥനാശൂന്യഹൃദയങ്ങൾക്കു ദൈവിക അനുഭവങ്ങളുടെ ഉയർന്ന പർവ്വതകൊടുമുടികളിലേക്കു കയറിച്ചെല്ലുവാൻ സാധിക്കുന്നതല്ല. പൂർവകാലങ്ങളെ അപേക്ഷിച്ചു കാലം നന്നായിരിക്കാം എങ്കിലും മുതിർന്നുവരുന്ന പരിഷ്കാരത്തിന്റെ ശക്തി

# മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ

വൈ. സാംരാജ്

'മാനസാന്തരപ്പെട്ടവർ മാനസ്സാന്തരപ്പെടാതിരിക്കുന്നതുകൊണ്ടാണ് മാനസ്സാന്തരപ്പെടാത്തവർ മാനസ്സാന്തരപ്പെടാതിരിക്കുന്നത്' - എന്നൊരു ചൊല്ലുണ്ട്. 'അയാൾ മാനസ്സാന്തരപ്പെട്ടു എങ്കിലും വീണ്ടും ജനിച്ചില്ല' എന്ന് പറയാറുണ്ട്. ലേഖന തലക്കെട്ട് ശ്രദ്ധിച്ചാൽ 'മാനസാന്തരപ്പെട്ടു' എന്നത് അതിൽ തന്നെ പൂർണ്ണമാകുന്നില്ല. മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ. 'മാനസ്സാന്തരപ്പെട്ട് ആദ്യത്തെ പ്രവർത്തി ചെയ്യുക'. വെളി. 2:5. 'ആകയാൽ നിങ്ങൾ മനന്തിരിഞ്ഞു ജീവിച്ചു കൊൾവിൻ (യെഹ. 18:32). മാനസ്സാന്തരം കഴിഞ്ഞ് ഒരു ഫുൾസ്റ്റോപ്പ് ഇല്ല.

മാനസ്സാന്തരം വേദപുസ്തകത്തിലെ അതിപ്രധാനമായ ഒരു അടിസ്ഥാന വിഷയമാണ്. മാനസ്സാന്തരപ്പെടാതെ രക്ഷിക്കപ്പെടാനോ, വീണ്ടും ജനനം പ്രാപിക്കാനോ കഴികയില്ല. ദൈവീക നന്മകൾ അനുഭവിപ്പാനും സാധിക്കയില്ല.

### മാനസ്സാന്തരത്തിന്റെ അർത്ഥം

മാനസ്സാന്തരത്തിന് രണ്ട് ഭാഗങ്ങൾ ഉണ്ട്; അനുതാപവും മാനസ്സാന്തരവും. അനുതാപത്തിന് എബ്രായ ഭാഷയിൽ ഉപയോഗിക്കുന്ന വാക്ക് നാഹം എന്നാണ്. അതിന് ദീർഘശ്വാസം വിടുക, ഞരങ്ങുക, ദു:ഖിക്കുക എന്നാണാശയം. 'താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു (ഉല്പ. 6:6). നാഹം എന്ന വാക്ക് ഏകദേശം 40 പ്രാവശ്യം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമത്തിൽ ഷൂബഹ് (Shubh) എന്ന മറ്റൊരു വാക്കും ഉപയോഗിച്ചിട്ടുണ്ട്. ഇതിനർത്ഥം തിരിയുക എന്നാണ്. പുതിയനിയമത്തിൽ മെറ്റനായൊയോ (Metanoeoo) എന്ന ഗ്രീക്കുവാക്കാണ് ദുഃഖിക്കുക മനസ്സ് തിരിയുക എന്നും, എപ്പിസ്ട്രേഫോ (Epistrephoo) അതായത് തിരിഞ്ഞു വരിക എന്നും അർത്ഥം വരുന്ന വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു.

പാപത്തെ കുറിച്ച് ദുഃഖിക്കുകയും ദൈവത്തിങ്കലേയ്ക്ക് തിരിയുകയും ചെയ്യുന്നത് രണ്ടുകാര്യമാണ്. യേശുക്രിസ്തുവിനെ ക്രൂശിക്കാൻ വിധിച്ചത് യൂദ അറിഞ്ഞപ്പോൾ യേശുവിനെ ഒറ്റുകൊടുത്തതുകൊണ്ട് അവൻ അതിയായി ദുഃഖിച്ചു; അനുതപിച്ചു. പക്ഷേ പാപം ഏറ്റുപറയാൻ വേണ്ടി അവൻ ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞില്ല (മത്താ. 27:3). അവൻ നശിച്ചു. യേശുക്രിസ്തു പറഞ്ഞ ഒരു ദൃഷ്ടാന്തത്തിൽ ഒരു ഭൂതം ഒരു മനുഷ്യനിൽ നിന്നും ഒഴിഞ്ഞുപോയി. അവൻ തണുപ്പന്വേഷിച്ചു അലഞ്ഞുതിരിഞ്ഞു ഒടുവിൽ അവൻ വിട്ടുപോന്നിടത്ത് തിരികെ ചെന്നു. അത് അടിച്ചുവാരി അലങ്കരിച്ചിട്ടിരിക്കുന്നതു കണ്ടു. പിന്നെ ഭൂതം പോയി തന്നിലും ദുഷ്ടതയേറിയ വേറെ ഏഴുഭൂതാന്മാക്കളെ കൂട്ടിക്കൊണ്ടുവന്നു. അവർ ആ മനുഷ്യനിൽ കയറി പാർത്തു. അവന്റെ സ്ഥിതി മുമ്പിലത്തെ

---

യാൽ വിശേഷമാക്കപ്പെട്ട കാലവും, പ്രാർത്ഥനാശക്തിയാൽ വർദ്ധിച്ചുവരുന്ന വിശുദ്ധിയാലും ക്രിസ്താനുകരണത്താലും വിശേഷമാക്കപ്പെട്ട കാലവും തമ്മിൽ അജഗജാന്തരമുണ്ട്. ക്രിസ്താവതാരകാലത്തെ യഹൂദജനം അതിന്റെ മുൻകാലങ്ങളിൽ ഉണ്ടായിരുന്നവരെക്കാൾ വിശേഷപ്പെട്ടവരായിരുന്നു. അതു പരീശമാർഗ്ഗത്തിന്റെ സ്വർണ്ണകാലമത്രെ ആയിരുന്നത്. അവരുടെ മാർഗ്ഗിക സ്വർണ്ണകാലത്തായിരുന്നു അവർ ക്രിസ്തുവിനെ ക്രൂശിച്ചത്. ഇതിൽപരം പ്രാർത്ഥനയുള്ള കാലമുണ്ടായിരുന്നില്ല, ഇതിൽപരം യാഗം കുറവായ കാലവുമുണ്ടായിരുന്നില്ല. വിഗ്രഹാരാധനയ്ക്കു ഇത്രയും കുറവുവന്ന കാലമുണ്ടായിരുന്നില്ല, വ്യർത്ഥാരാധന ഇത്രയും ഏറിയ കാലവുമുണ്ടായിരുന്നില്ല. അധരാരാധന ഇത്രയും വർദ്ധിച്ച കാലമുണ്ടായിരുന്നില്ല. ദൈവാരാധന ഇത്രയും കുറഞ്ഞ കാലവുമുണ്ടായിരുന്നില്ല, കപടസേവ ഇത്രയുംകൂടിയ കാലമുണ്ടായിരുന്നില്ല, ഹൃദയസേവ ഇത്രയുംകുറഞ്ഞ കാലമുണ്ടായിരുന്നില്ല. (അധരംകൊണ്ടു ദൈവത്തെ വന്ദനംചെയ്ത ആളുകളുടെ ഹൃദയങ്ങളും കൈകളും ആയിരുന്നല്ലോ ദൈവത്തിന്റെ പുത്രനെ ക്രൂശിച്ചത്!) ദൈവാലയത്തിൽ പോകുന്നവർ ഇത്ര വർദ്ധിച്ച കാലമുണ്ടായിരുന്നില്ല, വിശുദ്ധന്മാർ ഇത്ര കുറവായിരുന്ന കാലവുമുണ്ടായിരുന്നില്ല.

പ്രാർത്ഥനയുടെ വീര്യമാകുന്നു വിശുദ്ധന്മാരെ ഉളവാക്കുന്നതു. വിശുദ്ധസ്വഭാവം രൂപീകരിക്കപ്പെടുന്നതു വാസ്തവമായ പ്രാർത്ഥനയുടെ ശക്തിമൂലമാകുന്നു. സത്യവിശുദ്ധന്മാർ വർദ്ധിക്കുന്തോറും പ്രാർത്ഥന വർദ്ധിക്കുന്നു; പ്രാർത്ഥന വർദ്ധിക്കുന്തോറും സത്യവിശുദ്ധന്മാർ വർദ്ധിക്കുന്നു. ❖

തിനെക്കാളും വല്ലാതായി (മത്താ. 12:43-45) ഈ മനുഷ്യൻ ദുഃഖിച്ചു എങ്കിലും മാനസ്സാന്തരപ്പെട്ടില്ല (ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞില്ല).

ദുഃഖവും (അനുതാപം) മാനസ്സാന്തരവും ഒന്നല്ല, രണ്ടുകാര്യങ്ങളാണ്. അനുതാപം മാനസ്സാന്തരത്തിലേയ്ക്കും (ദൈവത്തിങ്കലേയ്ക്ക് ഉള്ള തിരിവിനും) കാരണം ആകണം. അങ്ങനെ മാനസ്സാന്തരം അവനെ രക്ഷയിലേയ്ക്ക് നയിക്കണം. അനുതാപം മാനസ്സാന്തരത്തിൽ നിന്നുപോയാൽ ഒരുപക്ഷേ അവന്റെ സ്ഥിതി മുമ്പത്തെക്കാളും വഷളായിതീരും. മാനസ്സാന്തരം ദൈവത്തിങ്കലേയ്ക്കുള്ള തിരിവായി തീരണം. (അപ്പോ.പ്രവൃ. 3:19). "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസ്സാന്തരപ്പെട്ട് ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞു കൊൾവിൻ" എന്നാണ് ദൈവകല്പന. മാനസ്സാന്തരപ്പെട്ട് ദൈവത്തിങ്കലേയ്ക്ക് തിരിയുമ്പോൾ ജീവപ്രാപ്തി ഉണ്ടാകുന്നു (അപ്പൊ.പ്രവൃ.11:18). മാനസ്സാന്തരപ്പെട്ടു ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞാൽ മാത്രം പോരാ മാനസ്സാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യുകയും വേണം (അപ്പൊ. പ്രവൃ. 26:20). അങ്ങനെ ജീവപ്രാപ്തി ലഭിച്ചവർ (രക്ഷിക്കപ്പെട്ടവർ) മാനസ്സാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം (അപ്പോ. പ്രവൃ. 26:20). കാരണം പ്രവർത്തികൾ ഇല്ലാത്ത വിശ്വാസം നിർജ്ജീവനാകുന്നു (യാക്കോ. 2:26).

**2. മാനസ്സാന്തരത്തിൽ അടങ്ങിയിരിക്കുന്ന മൂന്നു ഘടകങ്ങൾ.**

ബുദ്ധി, വികാരം, ഇച്ഛ ഇവ മൂന്നിനെയും ബാധിക്കുന്ന ഒന്നാണ് മാനസ്സാന്തരം.

**1. ബുദ്ധി**

കാഴ്ചപ്പാടിന്ന് വരുന്ന മാറ്റം. പാപത്തെ കുറിച്ചും ദൈവത്തെകുറിച്ചും സ്വയത്തെ (Self) കുറിച്ചും ഉള്ള മാറ്റം ആണ് ഇതിൽ അടങ്ങിയിരിക്കുന്നത്. പെന്തക്കോസ്തുനാളിൽ പത്രോസ് യെഹൂദന്മാരോട് മാനസ്സാന്തരപ്പെടാൻ പറഞ്ഞപ്പോൾ ക്രിസ്തുവിനെ കുറിച്ചുള്ള അവരുടെ മനോഭാവത്തിനും കാഴ്ചപ്പാടിനും മാറ്റം വരണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. മനുഷ്യൻ ബുദ്ധിയുള്ള ജീവി ആയാൽ ബുദ്ധിയിൽ പരിവർത്തനം വരാതിരിക്കുന്ന യാതൊന്നും അവനെ വ്യത്യാസപ്പെടുത്തുകയില്ല. പാപത്തിന്റെ മലിനത, ദൈവത്തിന്റെ വിശുദ്ധി, കല്പനയുടെ ഗാംഭീര്യം സ്വന്തശിക്ഷാവിധി ഇവയെല്ലാം നന്നായി ഗ്രഹിക്കണം.

**2. വികാരം**

മാനസ്സാന്തരത്തിൽ വികാരങ്ങളെ സാരമായി സ്പർശിക്കുന്ന ഒരു നിലയുണ്ട്. പാപത്തെ കുറിച്ചുള്ള ദു:ഖം മാനസ്സാന്തരത്തിലെ അനിവാര്യഘടകമാണ്. പാപബോധമുണ്ടാകുമ്പോൾ വികാരരഹിതനായിരിപ്പാൻ സാദ്ധ്യമല്ല. മാനസ്സാന്തരത്തിൽ ദു:ഖത്തിന്റെ അളവും പ്രകടനവും നിർണ്ണയിക്കാൻ സാദ്ധ്യമല്ല. എങ്കിലും ദു:ഖം ഉണ്ടായിരിക്കുമെന്നുള്ളത് തീർച്ചയാണ് (ഉല്പ.42:6; 51-ാം സങ്കീർത്തനം, സങ്കീ.38:18; മത്താ.21:32).

**3. ഇച്ഛ (Will)**

ഇച്ഛാശക്തിയ്ക്കും മാറ്റം വരണം. മുടിയൻ പുത്രന്റെ അനുഭവത്തിൽ ഈ മൂന്നു ഘടകങ്ങളെയും നമുക്കു കാണാം. തന്റെ അപ്പന്റെ ഭവനത്തെ കുറിച്ചു ചിന്തിച്ചു (ബുദ്ധിപരം) പാപം ചെയ്തിരിക്കുന്നു എന്ന് പറയുമെന്ന് പറഞ്ഞു (വികാരപരം). അവൻ അപ്പന്റെ അടുക്കലേക്ക് എഴുന്നേറ്റു പോയി (ഇച്ഛാശക്തി) ആദ്യത്തേതു മാത്രമേയുള്ളൂ എങ്കിൽ ഒരു ഭയം തട്ടിയെന്നേയുള്ളൂ, പാപത്തെ കുറിച്ച് വെറുപ്പ് ഉണ്ടാകുന്നില്ല. രണ്ടാമത്തേതു മാത്രമേയുള്ളൂ എങ്കിൽ യൂദയുടെ അനുഭവമായി നില്ക്കുകയുള്ളൂ. മൂന്നാമത്തേതിൽ ആദ്യത്തെ രണ്ടും - ബുദ്ധിപരവും, വികാരപരവും - അടങ്ങിയിരിക്കുന്നു. ഇച്ഛാശക്തിയ്ക്ക് വരുന്ന മാറ്റമാണ് മാനസ്സാന്തരത്തെ യാഥാർത്ഥ്യമാക്കി തീർക്കുന്നത്. മൂന്നുകാര്യങ്ങൾ അതിൽ സംഭവിക്കുന്നു (1) ദൈവത്തോട് പാപം ഏറ്റുപറയുന്നു (സങ്കീ. 38:18; ലൂക്കോ. 15:21)

(2) പാപം ഉപേക്ഷിക്കുന്നു (യെശ.55:7; മത്താ.3:8-10)

(3) ദൈവത്തിങ്കലേയ്ക്ക് തിരിയുന്നു - പാപത്തിൽ നിന്ന് ദൈവത്തിങ്കലേയ്ക്ക് തിരിയുന്നു (1 തെസ്സ.1:9-10, അപ്പോ.പ്രവൃ. 26:18-20)

**3. മാനസ്സാന്തരത്തിന്റെ പ്രാധാന്യം**

പഴയനിയമത്തിലും പുതിയ നിയമത്തിലും വളരെ പ്രാധാന്യം കൊടുത്ത് കല്പിച്ചിട്ടുള്ള വിഷയമാണ് മാനസ്സാന്തരം. ഇത് രക്ഷയ്ക്കുള്ള വഴിയത്രേ രക്ഷയല്ല. യേശുക്രിസ്തു പറഞ്ഞു "അല്ലല്ല, മാനസ്സാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കോ.13:3,5). കർത്താവു ഇത് പറഞ്ഞ് ഏകദേശം 40 വർഷം കഴിഞ്ഞപ്പോൾ എ.ഡി. 70 റോമൻ സൈന്യം യെരുശലേമിനെ ആക്രമി

ച്ചപ്പോൾ അവിശ്വാസികളായ യഹൂദന്മാരിൽ 1100,000 (11 ലക്ഷം) പേർ ക്രൂരമായി മരങ്ങളിൽ തൂക്കിക്കൊല്ല പ്പെട്ടു. എന്നാൽ മാനസ്സാന്തരം ജീവപ്രാപ്തിയ്ക്കായി ദൈവം നൽകുന്നതാണ് (അപ്പോ.പ്രവൃ.11:18). എല്ലാ വരും മാനസ്സാന്തരപ്പെടണമെന്ന് ദൈവം കല്പിച്ചിരി ക്കയാണ് (അപ്പോ.പ്രവൃ.17:30). യേശുക്രിസ്തുവിന്റെ പ്രാരംഭ പ്രസംഗവിഷയം മാനസ്സാന്തരപ്പെടണം എന്നാണ് (ലൂക്കോ. 4:17). വേദപുസ്തകത്തിൽ ഉട നീളം പറഞ്ഞിരിക്കുന്ന വിഷയമാണ് മാനസ്സാന്തരം. എല്ലാ അപ്പോസ്തലന്മാരും സുവിശേഷകന്മാരും മാന സ്സാന്തരം പ്രസംഗിച്ചു. മാനസ്സാന്തരപ്പെടാതെ പാപമോ ചനവും രക്ഷയും പ്രാപിക്കാൻ ആർക്കും സാധിക്ക യില്ല. മാനസ്സാന്തരത്തിന്റെ മറുവശമാണ് ദൈവത്തി ങ്കലുള്ള വിശ്വാസം. മാനസ്സാന്തരപ്പെടാത്തവരുടെ അവസ്ഥ മുൻകൂട്ടി കണ്ട് യേശുക്രിസ്തു കരയുന്നതായി കാണുന്നു (ലൂക്കോ. 19:41).

### 4) മാനസ്സാന്തരത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ

ഇന്ന് അനേകരും മാനസ്സാന്തരത്തെ വളരെ ലഘു വായാണ് കാണുന്നത്. പലരിലും മാനസ്സാന്തരം തൊലി പ്പുറത്ത് അവസാനിക്കുന്നു. മാനസ്സാന്തരം ബുദ്ധിപ രവും വികാരപരവും (Emotional) ആയി മാത്രം അവ ശേഷിക്കുന്നു. എന്നാൽ ഉണ്മയായ മാനസ്സാന്തരത്തിൽ അനേക കാര്യങ്ങൾ ഉൾക്കൊള്ളുന്നു. അത് വ്യക്തി ത്വത്തെ ആകമാനം പരിവർത്തനം ചെയ്യിക്കുന്നു.

പാപബോധവും അനുതാപവും കൂടാതെ ഒരു യഥാർത്ഥ മാനസ്സാന്തരം നടക്കുന്നില്ല. 51-ാം സങ്കീർത്തനത്തിൽ ദാവീദിന്റെ ഹൃദയംപൊട്ടിയുള്ള അനുതാപം ശ്രദ്ധിക്കൂ (51:3-4). വിശ്വാസവും (യോ ഹ. 3:14-15; റോമ.10:5-10) ഏറ്റുപറച്ചിലും അനിവാര്യ മാണ് (സദൃ.വാ. 28:13; 1 യോഹ. 11:9) പാപത്തെ ഉപേ ക്ഷിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള പാപക്ഷമയ്ക്കാ യുള്ള അപേക്ഷ (സങ്കീ. 32:5; ലൂക്കോ. 18:13). സർവ്വോ പരി യേശുക്രിസ്തുവിനെ ഉള്ളത്തിൽ സ്വീകരിക്കു കയും (യോഹ. 1:12; ലൂക്കോ. 19:6) അവന്നായി തന്നെ ത്തന്നെ സമർപ്പിക്കലും നടക്കുന്നു (റോമ. 12:1; 6:19).

### 5) ആരെല്ലാം മാനസ്സാന്തരപ്പെടേണം

എല്ലാമനുഷ്യരും പാപം ചെയ്ത് ദൈവ തേജസ്സ് ഇല്ലാത്തവരായി തീർന്നതിനാൽ എവിടെയുമുള്ള എല്ലാ മനുഷ്യരും മാനസ്സാന്തരപ്പെടേണം എന്നത് ദൈവ നിശ്ചയവും കല്പനയും ആണ്. "എന്നാൽ അറിയായ്കയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാ ക്കാതെ ഇപ്പോൾ എല്ലായിടത്തും ഉള്ള എല്ലാവരും മാന സ്സാന്തരപ്പെടണമെന്ന് മനുഷ്യരോടു കല്പിക്കുന്നു (അ പ്പോ.പ്രവൃ.17:30). ലോകത്ത് എല്ലായിടത്തും ഉള്ള എല്ലാമനുഷ്യരും മാനസ്സാന്തരപ്പെടേണം.

1. പാപികൾ മാനസ്സാന്തരപ്പെടേണം. മുടിയൻ പുത്രൻ അപ്പനോട് പാപം ഏറ്റുപറഞ്ഞ് അപ്പന്റെ അനുഗ്രഹ ങ്ങൾക്ക് പാത്രീഭൂതനായി (ലൂക്കോ. 15:17-18).

2. ദൈവസന്നിധിയിൽ വന്നിട്ട് പിന്നീടു പാപം ചെയ്ത് പിന്മാറിപ്പോയവർ മടങ്ങിവന്ന് ദൈവത്തോടു നിര ക്കാൻ മാനസ്സാന്തരപ്പെടേണം. ആത്മീയതയുടെ ഉത്തുംഗാവസ്ഥയിലായിരുന്ന എഫെസോസിലെ സഭ യിലെ ചിലർ വീണുപോയപ്പോൾ കർത്താവ് അവ രോടു പറയുന്നത് "നീ ഏതിൽനിന്ന് തെറ്റിപ്പോയി എന്ന് ഓർത്ത് മാനസ്സാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക (വെളി.2:5). അവരുടെ പാപം അവർ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്നതാണ്. നമ്മുടെ മദ്ധ്യേ ഒരുപാട് സത്പ്രവൃത്തികൾ ചെയ്യുന്ന-ആദ്യസ്നേഹം വിട്ടുകളഞ്ഞ-വ്യക്തികൾ ഇല്ലേ. മാനസ്സാന്തരം ആവ ശ്യമായിട്ടു പ്രവൃത്തികൾ വർദ്ധിപ്പിക്കുന്ന വീണു പോയ അനേകം 'വിശുദ്ധന്മാർ' വിശ്വാസികളുടെ മദ്ധ്യേ ഇല്ലേ?

3. വിശുദ്ധന്മാർ മാനസ്സാന്തരപ്പെടേണം.

...... സഭയെ അഭിസംബോധന ചെയ്യുമ്പോൾ കർത്താവു പറയുകയാണ്. "ജീവനുള്ളവൻ എന്ന് നിനക്ക് പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊള്ളുക ചാവാറായ ശേഷിപ്പുകളെ ശക്തീ കരിക്ക..... മാനസ്സാന്തരപ്പെടുകയും ചെയ്ക" (വെളി.3:2-3). ഊർദ്ധശ്വാസം വലിക്കുന്ന വിശ്വാസി കൾ (വിശുദ്ധന്മാർ) ചാവാറായവർ. "അതുകൊണ്ട് ഉറ ങ്ങുന്നവനേ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാ ശിക്കും" എന്ന് എഫേ. 5:14 ലും പറഞ്ഞിരിക്കുന്നു. വിശുദ്ധന്മാരാണ് പക്ഷേ മരിച്ചവരുടെ ഇടയിൽ ഉറങ്ങു ന്നു. ദൈവത്തിന്റെ ഷക്കയിനായുടെ (തേജസ്സിന്റെ) പ്രകാശനം ഇല്ലാതെ 'ഇരുണ്ടു' പോയ വിശുദ്ധന്മാർ. അങ്ങനെയുള്ളവർ മാനസ്സാന്തരപ്പെടേണം. ഭക്തനായ ഒരു ചിന്തകൻ പറഞ്ഞിരിക്കുന്നത് എല്ലാ ദൈവമക്കളും ഒരു നാഴിക മണിയുടെ നാക്ക് (പെൻഡുലം) ഒരറ്റ

# യിസ്റാഏൽ വാർത്തകൾ

Mr. പ്രേംദാസ് സ്വാമിദാസ് യഹൂദി

**മെദീനാത് യിസ്റാഏൽ (യിസ്റാഏൽ രാഷ്ട്രം) ഒഫേക് - 16 ചാര ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.**

യിസ്റാഏലിലെ പ്ലമാഹിംഗ് വ്യോമതാവളത്തിൽ നിന്ന് പൊതുയോഗം 06-07-2020 രാവിലെ നാലുമണിക്ക് ഒഫേക്-16 ചാര ഉപഗ്രഹം വിജയകരമായി വിക്ഷേപിക്കപ്പെട്ടു. ഇരുപത് വർഷത്തിലേറെയായി യിസ്റാഏൽ രാഷ്ട്രത്തിനു ഭീഷണിയാകുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടി ചാരഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നുണ്ട്. ഇറാൻ രാഷ്ട്രത്തിന്റെ അണുബോംബ് പരീക്ഷണങ്ങൾ അങ്ങനെയാണ് കണ്ടെത്തിയത്. ഒഫേക് = ചക്രവാളം.

ദേശീയ സുരക്ഷയ്ക്കാവശ്യമായ വിവര ശേഖരത്തിൽ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിലാണ് മെദീനാത് യിസ്റാഏൽ. മൊസാദ് ഹബിതാഹോൻ (സുരക്ഷാ സ്ഥാപനം), ഷേറുത് ബിതാഹോൻ (സുരക്ഷാ സേവനം) എന്നിവയാണ് ഇത് സാദ്ധ്യമാക്കുന്നത്. മൊസാദ് ഹബിതാഹോൻ ചുരുക്കപ്പേരിൽ മൊസാദ് എന്നും ഷേറുത് ബിതാഹോൻ ആദ്യാക്ഷരങ്ങളുപയോഗിച്ച് ഷീൻ-ബേത് എന്നും അറിയപ്പെടുന്നു.

യഹൂദീമിനെ കൂട്ടക്കൊല ചെയ്ത നാസി ഭീകരൻ അഡോൾഫ് ഐക്മാനെ അർജന്റീനയിലെ ഒളിവിൽ നിന്നും കണ്ടെത്തി പിടിച്ചു കൊണ്ടുവന്ന് യിസ്റാഏൽ രാഷ്ട്രത്തിന്റെ നിയമത്തിനു മുന്നിലെത്തിച്ചതും എന്റെബെ വിമാനത്താവളത്തിൽ യിസ്റാഏൽ വിരോധി ഇദി അമീൻ തടവുകാരാക്കിയ യിസ്റാഏൽ വിമാനയാത്രക്കാരെ വിമോചിപ്പിച്ചതും മൊസാദ് ഹബിതാഹോൻ നടത്തിയ തന്ത്രപരമായ രഹസ്യ നീക്കങ്ങളായിരുന്നു. യിസ്റാഏൽ സുരക്ഷാസേനയുടെ ബഹിരാകാശ - ഉപഗ്രഹ വിഭാഗം മേധാവി അംനോൻ ഹറാറി ആണ് ചാരഉപഗ്രഹങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. മിറ്റ്സ്റായിം, യർദ്ദേൻ എന്നീ അയൽ അറബ് രാജ്യങ്ങളുമായി യഹൂദ രാഷ്ട്രത്തിന് സൗഹാർദ്ദ-സമാധാന ഉടമ്പടികളുണ്ട്. എന്നാൽ സുറിയ, ലെബാനോൻ എന്നീ അയൽ അറബ് രാജ്യങ്ങളും മധ്യേഷ്യയിലെ ഷിയാ-മുസ്ലീം ഇറാൻ രാഷ്ട്രവും ശത്രുത കൈവെടിഞ്ഞിട്ടില്ല. യൂറോപ്യൻ രാഷ്ട്രങ്ങളിലും യഹൂദ വിരോധം സജീവമാണ്.

**ഇസ്താംബുളിലെ ഹാഗിയ സോഫിയ മസ്ജിദ് ആക്കി തുർക്കി പ്രസിഡന്റ് ഉത്തരവിട്ടു.**

മുൻ ബൈസാന്റെയിൻ-റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപിൾ (ഇന്നത്തെ ഇസ്താംബുൾ) നഗരത്തിൽ പൊതുയുഗം 587 ൽ റോമാ ചക്രവർത്തി ജസ്റ്റീനിയൻ ഒന്നാമന്റെ നിർദ്ദേശപ്രകാരം പണിത ഓർത്തഡോക്സ് ക്രൈസ്തവ ആരാധനാലയമാണ് Holy Wisdom (വിശുദ്ധ ബുദ്ധി) എന്നർത്ഥമുള്ള ഹാഗിയ

---

ത്തുനിന്ന് മറ്റേ അറ്റത്തേയ്ക്ക് ചലിക്കുന്നതുപോലെ ഒരു ദൈവപൈതൽ ദൈവത്തിൽ നിന്ന് അകലേയ്ക്കും ദൈവത്തിങ്കലേയ്ക്കും അനുനിമിഷം ചലിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. അവൻ ദൈവത്തിൽ നിന്ന് അകന്നു പോകുന്നു. ഉടനേതന്നെ മാനസ്സാന്തരപ്പെട്ട് ദൈവത്തോട് അടുക്കുന്നു. പൗലൂസ് തന്റെ അനുഭവം പറയുന്ന ഭാഗം ശ്രദ്ധിക്കുക. ‘‘മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്ന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത് (1 കൊരി.9:27). 2കൊരി. 10:5-ാം വാക്യവും ചേർത്തു വായിച്ച് ചിന്തിക്കുക. ദൈവത്തിന്റെ പരിജ്ഞാനത്തിന്ന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു ഏതുവിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി...’’ ഉയർച്ചകളെ ഇടിച്ചു കളഞ്ഞും ചിന്തകളെ പിടിച്ചടക്കിയും, ശരീരത്തെ ദണ്ഡിച്ച് കീഴടക്കയും ചെയ്യാതെ പായുന്ന എത്രയോ ‘വിശുദ്ധന്മാർ’ മാനസ്സാന്തരപ്പെടേണ്ടതായിട്ട് ഉണ്ട്. ‘നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധരിനിയും തന്നെ വിശുദ്ധീകരിക്കട്ടെ’ (വെളി.22:11). അതിനു യഥാർത്ഥ മാനസ്സാന്തരം എപ്പോഴും നമ്മിലുണ്ടാവട്ടെ!!

സോഫിയ. നാൽപത് ജാലകങ്ങളുള്ള മകുടത്തോടുകൂടിയ ഈ സൗധം ഒരു വാസ്തു കലാവിസ്മയമാണ്. ഓരോ വർഷവും പത്ത് ലക്ഷത്തിലധികം സന്ദർശകർ ഈ മന്ദിരം കാണാനെത്തുന്നു. ലോക പൈതൃക മന്ദിരങ്ങളുടെ പട്ടികയിൽപെട്ടതാണീ സൗധം. ക്ഷേത്ര ഗണിത വിദഗ്ദ്ധരായ ഇസിഡോർ, ആന്തീമിയസ് എന്നിവരാണീ മന്ദിരത്തിന്റെ രൂപകല്പന ചെയ്തത്.

പൊതുയുഗം 1204 ൽ ഇതിനെ റോമൻ കത്തോലിക്കാ ദേവാലയമാക്കി. വീണ്ടും പൊതുയുഗം 1261 ൽ ഓർത്തഡോക്സ് ക്രൈസ്തവ ദേവാലയമായി. പൊതുയുഗം 1453 ൽ മെഹ്മദ് അധിനിവേശത്തിനു ശേഷം ഓത്തോമൻ തുർക്കി ഭരണാധികാരികൾ ഇതിനെ മസ്ജിദ് ആക്കി. അവിടെയുണ്ടായിരുന്ന അമൂല്ല്യ വസ്തുക്കൾ കൊള്ളയടിച്ചു. പൊതുയുഗം 1935 ൽ ആധുനിക തുർക്കിയുടെ പ്രഥമ പ്രസിഡന്റ് അത്താ തുർക്ക് കെമാൽ പാഷ ഇതിനെ കാഴ്ച ബംഗ്ലാവ് ആക്കി മാറ്റി. എന്നാൽ പൊതുയുഗം 2002 ൽ മുസ്ലിം വികാരം ഇളക്കിവിട്ട് അധികാരത്തിലെത്തിയ തുർക്കി പ്രസിഡണ്ട് റസിപ് തയ്യിപ് എർദോഗൻ ഹാഗിയ സോഫിയ മന്ദിരത്തിന്റെ കാഴ്ചബംഗ്ലാവ് പദവി നിർത്തലാക്കി മസ്ജിദ് ആക്കി ഉത്തരവിറക്കി. ഉത്തരവ് പ്രാബല്യത്തിൽ വന്നപ്പോൾ മുസ്ലിംകൾ ഇവിടെ സമ്മേളിച്ച് മഗ്‌രിബ് നിസ്കാരം നടത്തി.

കാഴ്ചബംഗ്ലാവ് പദവി മാറ്റാൻ അന്താരാഷ്ട്ര സംഘടനയുടെ പൈതൃക സമിതി അനുമതി നല്കിയിട്ടില്ല. അയൽ ക്രൈസ്തവ രാജ്യമായ ഗ്രീസ്, അമേരിക്ക, യൂറോപ്യൻ യൂണിയൻ, ഫ്രാൻസിസ് പാപ്പാ മുതലായവർ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

## യിസ്റാഏൽ രാഷ്ട്രത്തിൽ പ്രധാനമന്ത്രിയും ബദൽ പ്രധാനമന്ത്രിയും അധികാരമേറ്റു

യഹൂദ വർഷം 5708 ഇയാർ 5 (പൊതുയുഗം 1948 മേയ് 14) ന് മെദിനാത് യിസ്റാഏൽ എന്ന യഹൂദ രാഷ്ട്രം പശ്ചിമേഷ്യയിൽ രൂപീകൃതമായതു മുതൽ ഇന്നേവരെ കൂട്ടുകക്ഷി മന്ത്രിസഭകളാണ് അധികാരത്തിൽ വന്നിട്ടുള്ളത്. ഒരു രാഷ്ട്രീയ കക്ഷിക്കും ഒറ്റയ്ക്ക് ഭരിക്കാനുള്ള അവസരം ലഭിച്ചിട്ടില്ല. ഹകെനേസേത് എന്നറിയപ്പെടുന്ന ദേശീയ നിയമ നിർമ്മാണ സഭയിൽ 120 അംഗങ്ങളുണ്ട്. 61 അംഗങ്ങളുടെ പിന്തുണ ഉണ്ടെങ്കിലേ മന്ത്രിസഭ രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. വിശുദ്ധ തോറ (ദൈവീക നിയമം) പണ്ഡിതനായ ദ്വവിദ് ബെൻഗുറ്യോൻ ആയിരുന്നു പ്രഥമ പ്രധാനമന്ത്രി.യിസ്റാഏൽ പ്രധാനമന്ത്രിയുടെ സ്ഥാനപ്പേര് ഇവ്റീത് ഭാഷയിൽ റോഷ് ഹമേമ്ഷാലാ എന്നാണ്.

സമീപകാലത്ത് നടന്ന ദേശീയ തിരഞ്ഞെടുപ്പിലും ഒരു കക്ഷിക്കും കേവല ഭൂരിപക്ഷം ലഭിച്ചില്ല. അധികാരത്തിലിരുന്ന ലിക്കുദ്(ഗണം) പാർടിക്കാരനായ പ്രധാനമന്ത്രി ബിന്യമീൻ നെതാന്യാഹു തന്റെ രാഷ്ട്രീയ എതിരാളിയായ കഹോൽ ലവാൻ (ആകാശനീലയും വെള്ളയും - യഹൂദ പ്രാർത്ഥനാമേലങ്കിയിലെയും ദേശീയ പതാകയിലെയും നിറങ്ങൾ) പാർടി നേതാവ് ബെന്നി ഗാന്റ്സ് എന്നിവർ ഇതര ചെറിയ പാരടികളെ ചേർത്ത് മന്ത്രിസഭ ഉണ്ടാക്കി. അവർ തമ്മിലുണ്ടാക്കിയ ധാരണ അനുസരിച്ച് ബിന്യമിൻ നെതാന്യാഹു പ്രധാനമന്ത്രിയും ബെന്നിഗാന്റ്സ് ബദൽ പ്രധാനമന്ത്രി (Alternative Prime Minister) യും ആയിരിക്കും.

കോവിഡ്-19 ആക്രമണത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടവർ തെൽ അവീവ് (വസന്തത്തിന്റെ കുന്ന്) പട്ടണത്തിൽ പ്രകടനം നടത്തി. അതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടവർക്ക് 7500 ഷേക്കേൽ വീതം സഹായധനം നൽകാൻ മേമ്ഷാലാ (ഭരണകൂടം) തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## മട്ടാഞ്ചേരി ജ്യൂറ്റൗണിലെ കടവുംഭാഗം യഹൂദ പള്ളി കേരള സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കും

മട്ടാഞ്ചേരി ജ്യൂറ്റൗണിന്റെ തെക്കുഭാഗത്ത് ജീർണാവസ്ഥയിൽ മുൻഭാഗം തകർന്ന് കിടക്കുന്ന ചരിത്ര പ്രസിദ്ധമായ ബെയ്ത് കെനേസേത് കടവുംഭാഗം ഏറ്റെടുത്ത് പുനരുദ്ധരിക്കാൻ കേരള സർക്കാർ ഉത്തരവായി. മലബാറി യഹൂദീം എന്നും ഷെഹോറീം (കറുത്തവർ) എന്നും അറിയപ്പെടുന്ന യഹൂദേയ് കൊച്ചിയുടെ മുൻകാല ആരാധനാ മന്ദിരമാണിത്. അവരെല്ലാം വാഗ്ദത്ത നാട്ടിലേക്ക് കുടിയേറി യിസ്റാഏൽ പൗരത്വം നേടി അവിടെ താമസമുറപ്പിച്ചു. എല്ലാ വർഷവും അവർ കൊച്ചി സന്ദർശനത്തിനു വരാറുണ്ട്. കേരള സർക്കാരിന്റെ തീരുമാനം യഹൂദീം സ്വാഗതം ചെയ്തു. ❖

Registered with the Registrar of
Newspapers of India under No. 7748/64

# പ്രവചന പ്രദീപിക

## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

(ബുക്ക് പോസ്റ്റ് ചെലവുൾപ്പെടെ - ഇന്ത്യയിൽ)

| | | |
|---|---|---|
| ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾ | വൈ. എസക്കിയേൽ | 3.50 |
| സഭാസത്യങ്ങൾ | ” ” | 75.00 |
| വെളിപ്പാട് പുസ്തക വ്യാഖ്യാനം | ” ” | 407.00 |
| ബൈബിൾ പ്രശ്നാവലി | ” ” | 105.00 |
| സഹസ്രാബ്ദ വാഴ്ചയും പുതിയ ഭൂമിയും | | 355.00 |
| ബൈബിൾ വ്യാഖ്യാന മാതൃക | ” ” | 85.00 |
| രക്ഷയുടെ ഭദ്രത | ” ” | 105.00 |
| ക്രിസ്തീയ ജീവിതം | ” ” | 8.00 |
| സാത്താനും പ്രവർത്തന പദ്ധതിയും | ” ” | 105.00 |
| **Thrones of God** | ” ” | 10.00 |
| അന്തിക്രിസ്തു | ” ” | 85.00 |
| ദൈവിക ന്യായസനങ്ങൾ | ” ” | 235.00 |
| പരിശുദ്ധാത്മാവ് | ” ” | 407.00 |

**രജിസ്റ്റർ ചെയ്തയക്കണമെങ്കിൽ
രൂപ 22.00 കൂടെ അയയ്ക്കുക**

**പുസ്തകങ്ങൾ *V.P.P.* ആയി
അയയ്ക്കുന്നതല്ല.**

Published by Y. Sam Raj and Printed at
Excellent Printers, Plavila

**PRINTED BOOK POST**

To

REGD. NEWS PAPER

If undelivered, please return to :
Aramada P.O., Tvm - 32
including the reason